# താമരമൊട്ടുകൾ

വാല്യം 26 | ഒക്ടോബർ 2024 | ലക്കം 10 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## October 2024

| | | |
|---|---|---|
| 01 - 23 | | Abroad |
| 24 | 10.30 | Thiruvambady |
| | 15.00 | Valiakolly |
| | 18.00 | Kunnamangalam |
| 25 | 19.30 | Pullurampara |
| 26 | 11.00 | Pullurampara |
| | 18.00 | Manjumala |



വാല്യം 26 താമരമൊട്ടുകൾ ഒക്ടോബർ 2024 ലക്കം 10

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമെ"

(വി. ഫ്രാൻസിസ് അസീസ്സി)




ഒക്ടോബർ 1ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!


നാമഹേതുക തിരുനാൾ
ആശംസകൾ
മോൺ. അബ്രഹാം വയലിൽ
ഒക്ടോബർ 09


താമരശ്ശേരി രൂപതയുടെ നവാഭിഷിക്തന്
അഭിനന്ദനങ്ങളും പ്രാർത്ഥനകളും..
ഫാ. കുര്യൻ ചെറുശ്ശേരിൽ
പുല്ലൂരാംപാറ, 21.09.2024

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 707 |
| 2. | പ്രോഗ്രാം ഒക്ടോബർ 2024 | 709 |
| 3. | പ്രേഷിതദിന സന്ദേശം | 710 |
| 4. | സിനഡനന്തര സർക്കുലർ | 718 |
| 5. | കച്ചേരിക്കാര്യം | 723 |
| 6. | ആദരാഞ്ജലി | 726 |
| 7. | വിശ്വാസപരിശീലനം | 727 |
| 8. | ലിറ്റർജി | 731 |
| 9. | മദ്ബഹ ശുശ്രൂഷ സംഘം | 732 |
| 10. | സെമിനാരി വാർത്ത | 733 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 735 |
| 12. | തിരുബാലസഖ്യം | 738 |
| 13. | വിദ്യാഭ്യാസരംഗം | 739 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 741 |
| 15. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 742 |
| 16. | സ്റ്റാർട്ട് | 744 |
| 17. | അൽഫോൻസ കോളേജ് | 746 |
| 18. | എയ്ഡർ എഡ്യൂകെയർ | 747 |
| 19. | ഫാമിലി അപ്പോസ്തോലേറ്റ് | 749 |
| 20. | കരുണാഭവൻ | 749 |
| 21. | കുടുംബകൂട്ടായ്മ | 750 |
| 22. | പാലിയേറ്റീവ് & ജെറിയാട്രിക് കെയർ | 759 |
| 23. | മാതൃവേദി | 752 |
| 24. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 753 |
| 25. | ഇൻഫാം | 754 |
| 26. | കെസിവൈഎം-എസ്എംവൈഎം | 754 |
| 27. | കമ്മ്യൂണിക്കേഷൻ മീഡിയ | 756 |
| 28. | കരിസമാറ്റിക് മൂവ്മെന്റ് | 767 |
| 29. | ജീസസ്സ്യൂത്ത് | 759 |
| 30. | ബഥാനിയ ധ്യാനകേന്ദ്രം | 760 |
| 31. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 763 |
| 32. | വികസനവേദി | 764 |
| 33. | യേശുനിധി | 766 |
| 34. | അജപാലനക്കുറിപ്പുകൾ | 767 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Antheenadu Joseph | October | 4 |
| Puthiyaparambil Sebastian | | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Chakkittamuriyil Thomas (Jr) | 12 | |
| Karintholil George | | 14 |
| Kottarathil Joseph | | 16 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Panachickal Mathew | | 26 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Chembuthoockil Mathew | | 30 |

Mar Remigiose Inchananiyil

# Feast Day Greetings

| | | |
|---|---|---|
| **Bp. Mar** | **Remigiose Inchananiyil** | **October 1** |
| Rev. Fathers | | |
| | Kochumundanmalayil Francis | 4 |
| | Naduvathettu Francis | 4 |
| | Puthiyedath Francis | 4 |
| | Vellamackal Francis | 4 |
| | Kavilpurayidathil Abraham | 9 |
| | Kochilath Abraham | 9 |
| | Mazhuvanchery Abraham | 9 |
| | Pulinchuvattil Abraham | 9 |
| | Srambickal Abraham | 9 |
| | Valloppilly Abraham | 9 |
| | Vayalil Abraham | 9 |
| | Kavil Rony Paul | 18 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഒക്ടോബർ 2024

| | | |
|---|---|---|
| 01 | ചൊവ്വ | **വി. കൊച്ചുത്രേസ്യ, വി. റെമീജിയൂസ്** |
| | | **രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| 02 | ബുധൻ | കാവൽമാലാഖ |
| 04 | വെള്ളി | **വി. ഫ്രാൻസിസ് അസ്സീസി** |
| | | ചരമദിനം : ഫാ. ജെയിംസ് മുണ്ടക്കൽ (2014) |
| 07 | തിങ്കൾ | ചരമദിനം : ഫാ. മാണി കണ്ടനാട്ട് (2018) |
| 14 | തിങ്കൾ | **ആവിലായിലെ വി. ത്രേസ്യ** |
| 16 | ബുധൻ | വാ. കുഞ്ഞച്ചൻ |
| 17 | വ്യാഴം | അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് |
| 18 | വെള്ളി | വി. ലൂക്കാ സുവിശേഷകൻ |
| 20 | ഞായർ | **മിഷൻ ഞായർ** |
| 22 | ചൊവ്വ | വി. ജോൺ പോൾ രണ്ടാമൻ |
| 28 | തിങ്കൾ | ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ |
| 29 | ചൊവ്വ | ചരമദിനം : ഫാ. പോൾ പുത്തൻപുര |

സർക്കുലർ 14/2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024-ലെ ലോക പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം (ഒക്ടോബർ 20, 2024)

**പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ. 22:9)**

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണി ക്കുവിൻ" (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിത ത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാ ക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, "കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിത ദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

***1. "പോയി ക്ഷണിക്കുവിൻ" : കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ള വരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.***

രാജാവ് തന്റെ സേവകരോട് കല്പിച്ച രണ്ടു വാക്കുകൾ പ്രേഷിത ദൗത്യ ത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: "പുറത്തേക്കു പോകുക," "ക്ഷണി ക്കുക" എന്നീ രണ്ട് ക്രിയകൾ. ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെ

ട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങി ചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെ യുള്ള ആടിനെപോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, 'പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്ത തപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തി കൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസ ന്ധികളുടെയും തടസ്സങ്ങളു ടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യ ങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കു പോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിത ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാ ക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യംനൽകി ക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം

ഇന്നത്തെ ലോകത്തിന്റെ “നാൽക്കവലകളി”ലേക്ക് കടന്നുചെല്ലാനാവും. “സഭയിൽ ഇന്നു നടക്കുന്ന യഥാർത്ഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു ‘തടവറ സൃഷ്ടിക്കുന്ന’ സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറ ങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം ‘നമ്മുടേതാക്കി മാത്രം’ സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; “നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു” (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം*, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് “പോകാൻ” മാത്രമായിരുന്നില്ല; മറിച്ച്, “ക്ഷണിക്കാനും” ആയിരുന്നു. “വിവാഹവിരുന്നിനു വരുക” (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിത ദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടും കൂടിയും. അതേരീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ “ശൈലി” നിശ്ചയമായും അനുകരിക്കേണ്ടതാണ്. “മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ് തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം” (*സുവിശേഷത്തിന്റെ സന്തോഷം*, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തി ക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പം കൊണ്ടും അനുകമ്പകൊണ്ടും ആർദ്രത കൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കു ന്നതിന്റെയും പ്രതിഫലനമായി മാറും.

***2. "വിവാഹാഘോഷത്തിലേക്ക്": ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.***

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യ ത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെ ക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമന ത്തിന്റെയും ... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിത വൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം" (മർക്കോ 13:10) (*പ്രേഷിതപ്രവർത്തനം* [*Ad Gentes*], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിത തീക്ഷ്ണതയ്ക്ക് യുഗാന്ത്യ പരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു" എന്ന് അറിയുന്നവരുടെ സന്തോഷ ത്തോടുകൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരി ക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്ന വരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ

"വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതു പോലെ: "ഓരോ ദിവ്യ പൂജാർപ്പണത്തിലും കൗദാശികമായി ദൈവ ജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയ നിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (*സ്നേഹത്തിന്റെ കൂദാശ* [*Sacramentum Caritatis*], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: "പ്രേഷിത ദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (*സ്നേഹത്തിന്റെ കൂദാശ*, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പി ച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിത ചൈതന്യം പുനർ ജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ

മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാപ്പ ണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മററ് ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. *"എല്ലാവരോടും" പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം*

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും". ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" (*പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേള നത്തിനു നൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീ സഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യ ങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെട ണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്" (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: "പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ

തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടി ക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയ പൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെ ത്തിയവരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്ക ത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വ വൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ "അതെ" എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ

സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷ മമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന" (പ്രേഷിതപ്രവർ ത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിത ദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചു കൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1-12) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കു മായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാന കാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദന മായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണ ദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലും നിന്ന് ശക്തിസംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവൽകരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക ണമേ!

*റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.*

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

Prot. No. 0857/2024

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാല നശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ആഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡുസമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

### പ്രകൃതി ദുരന്തങ്ങൾ

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡു പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവന നിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാം അധിവസിക്കുന്ന പൊതുഭവനം എന്നു ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതംവരുത്തുന്ന വിവിധ ഖനനങ്ങൾക്കും

വൻകിട നിർമാണങ്ങൾക്കും നേരേ കണ്ണടയ്ക്കുകയും കർഷകരെ പരിസ്ഥിതി ഘാതകരായി ചിത്രീകരിക്കുകയും ചെയ്യുന്ന തെറ്റായ പരിസ്ഥിതിവാദത്തെ സഭ തിരിച്ചറിയുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപലപനീയമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരകർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അദ്ധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷിഭൂമി മൂല്യരഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപനംവഴി കർഷകർക്കുണ്ടായിരിക്കുന്നത്. ആഗോളതാപനം വഴിയുള്ള അതിവർഷം തുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥ കാരണം വിശദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനുള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയകറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

### സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയ്ക്കു ആഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയിലെ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് തോമസ് കോളേജും സംയുക്തമായി ആതിഥേയത്വം വഹിച്ചു. സംഘാടകമികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യംകൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയമായിരുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻപ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോമലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠനങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്. സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അസംബ്ലിയിൽ രൂപീകരിച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കംമൂലമുള്ള ദുർബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശംവരുത്താൻ പര്യാപ്തമായ ഭീഷണിയായി വളർന്നിട്ടുണ്ട്. 'തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവു'മെന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നു സഭാ അസംബ്ലി സർക്കാരിനോടു ആവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പിലാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

### കുടുംബപ്രാർഥന

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർത്ഥനയ്ക്കുള്ള പങ്കു വലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾ മൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡു വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും പരിശ്രമിക്കണം.

### ഏകീകൃത വിശുദ്ധ കുർബാനയർപ്പണം

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ തീരുമാനം പൂർണമായും നടപ്പിലാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പിലാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം-അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണു സിനഡു ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന പള്ളികളിലെ വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്ക്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു. ഏകീകൃത കുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പിലാക്കാനായി ബോധവത്ക്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പിലായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്. ഒരുമിച്ചുനടക്കാനുള്ള സിന

ഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലിക ധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പിലാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃത കുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

### ജൂബിലിവർഷം

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി രണ്ടായിരത്തി ഇരുപത്തിയഞ്ചാം ആണ്ടിനെ സാധാരണ ജൂബിലിവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ 'പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധ പിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണു ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (*spes non confundit*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്ക് അടുത്ത ഒരുക്കത്തിനായുള്ള പ്രാർഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24നു രാത്രി എല്ലാ കത്തീഡ്രൽ പള്ളികളിലും തുടർന്നുവരുന്ന ഞായറാഴ്ച എല്ലാ ഇടവകപള്ളികളിലും ജൂബിലിവർഷം, ജൂബിലി തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യക്ഷന്മാർ നല്കുന്നതായിരിക്കും. പരിശുദ്ധ കുർബാന, അനുരഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപതാതലങ്ങളിൽ നടപ്പിലാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശയുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാസ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

## പുതിയ ഇടയന്മാർ

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചു എന്നത് ഏറെ അഭിമാനകരവും സന്തോഷകരവുമാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തുവരികയായിരുന്ന മാർ തോമസ് തറയിൽ പിതാവു നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്ര വിശാരദനും സാമൂഹിക ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു. പിതൃസഹജമായ വാത്സല്യത്തോടും സീറോമലബാർസഭയുടെ പാരമ്പര്യങ്ങളോടുമുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്തതയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പട്ട ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ മാർ ജോസഫ്പെരുന്തോട്ടം പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ടു ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിത തീക്ഷ്ണതയും കഠിനാദ്ധ്വാനശീലവും ജീവിതലാളിത്യവും അഭിവന്ദ്യ പിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെയെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ആഗസ്റ്റു മാസം 31-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

# കച്ചേരിക്കാര്യം

## 1. New appointments

Rev. Frs.

| | | |
|---|---|---|
| Chilampikunnel Thomas | - | Eparchial Pastoral Co-Ordinator |
| Cherusseril Kurian | - | Asst. Vicar, Maruthomkara |
| Kalappurakkal George | - | Rector, Mariyapuram |
| Poothermannil Peter | - | Acting Vicar, Kondotty |
| Puramadathil Kurian | - | Director, Pravasi Apostolate |
| Vadakkel Sebastian | - | Acting Vicar, Maramchatty |

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ധാരാളം നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകതിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

## 3. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ വി. കുർബാന എഴുന്നള്ളിച്ചു വച്ചു നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. ആധുനിക കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. ദൈവാലയത്തിൽ കൊന്തനമസ്കാരം നടത്തുന്നതോടൊപ്പം ഇടവക കൂട്ടായ്മകളിലും പത്തുദിവസത്തെ കൊന്തനമസ്കാരം നടത്തുന്നത് ഉചിതമായിരിക്കും.

## 4. അഖണ്ഡജപമാല സമർപ്പണ സമാപനം - ഒക്ടോബർ 26

ബഥാനിയ സെന്ററിൽ ജൂലൈ 18 മുതൽ നടന്നുവന്നിരുന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 26നാണ്. രാവിലെ 11 മണിക്ക് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയിലും മറ്റ് ശുശ്രൂഷകളിലും സാധിക്കുന്ന എല്ലാ വൈദികരും പങ്കെടുക്കണമെന്നും ദൈവജനത്തെ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. വെല്ലുവിളികൾ നിറഞ്ഞ ആധുനിക കാലഘട്ടത്തിൽ കുടുംബവിശുദ്ധീകരണത്തിനും ലോകസമാധാനത്തിനും പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

## 5. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ 3 -ാമത് സമ്മേളനം 2024 നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

## 6. ക്ലർജി സെമിനാർ

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2024 നവംബർ 18-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 21-ാം തീയതി വ്യാഴാഴ്ച സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

## 7. പുതിയ അജപാലന കോ-ഓഡിനേറ്റർ

ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചൻ രൂപതയുടെ അപ്പോസ്തോലേറ്റുകളുടെയും അജപാലന സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും കോ-ഓർഡിനേറ്ററായി നിയമിതനായിരിക്കുന്നു.

## 8. ആദരാഞ്ജലി

ബഹു. ജോസഫ് പൂതക്കുഴി അച്ചന്റെ മാതാവ് **മറിയക്കുട്ടി പൂതക്കുഴി (95)** 2024 സെപ്റ്റംബർ 5 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സെപ്റ്റംബർ 6-ാം തീയതി പി.ടി. ചാക്കോ നഗർ സെന്റ് തോമസ് ഇടവകയിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 9. സ്മരണാഞ്ജലി

| | | |
|---|---|---|
| 01-10-2006 | - | റവ. ഫാ. ബർത്തലോമ്യോ സി.എം.ഐ |
| 04-10-1994 | - | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **-** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | - | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | - | റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി സി.എം.ഐ |
| **07-10-2018** | **-** | **റവ. ഫാ. മാണി കണ്ടനാട്ട്** |
| 22-10-2009 | - | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | - | റവ. ഫാ. സബാസ് സി.എം.ഐ. |
| 26-10-1978 | - | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| **29-10-2022** | **-** | **റവ. ഫാ. പോൾ പുത്തൻപുര** |
| 30-10-2002 | - | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ജെയിംസ്
മുണ്ടയ്ക്കൽ
04.10.2014
തിരുവമ്പാടി



റവ. ഫാ. മാണി
കണ്ടനാട്ട്
07.10.2018
പാലാ



റവ. ഫാ. പോൾ
പുത്തൻപുര
29.10.2022
മുത്തോലപുരം, പാലാ

# ആദരാഞ്ജലികൾ

## സി. മേരി ഫിലമിൻ പൊട്ടനാനിക്കൽ എസ്.എച്ച്.

തിരുഹൃദയ സന്യാസിനീ സമൂഹം താമരശ്ശേരി സാന്തോം പ്രോവിൻസ് അംഗമായ സി. മേരി ഫിലമിൻ പൊട്ടനാനിക്കൽ എസ്.എച്ച്. (94) ആഗസ്റ്റ് 29 ന് തിരുഹൃദയ നാഥനിൽ വിലയം പ്രാപിച്ചു. 30-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന ദേവാലയത്തിൽ വച്ച് നടത്തിയ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ മുഖ്യ കാർമികത്വം വഹിച്ചു. സി. മേരി ഫിലമിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## സി. ലിസ്സി ഇളംതുരുത്തിയിൽ എഫ്.സി.സി

എഫ്.സി.സി കോഴിക്കോട് പ്രൊവിൻസ് അംഗമായ സി. ലിസ്സി ഇളംതുരുത്തിയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തിരുവമ്പാടി ഇടവക ഇളംതുരുത്തിയിൽ കുരുവിള-അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ ഇളയപുത്രിയാണ്. 1985-ൽ തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂളിൽ നിന്നും എസ്.എസ്.എൽ.സിയും തുടർന്ന് പ്രീഡിഗ്രിയും പാസായതിനുശേഷം 1987 ജൂൺ മാസത്തിൽ കൂടത്തായി എഫ്.സി കോൺവെന്റിൽ സന്യാസാർത്ഥിനിയായി പ്രവേശിച്ചു. 1991 നവംബർ 19 ന് ആദ്യവ്രതവാഗ്ദാനവും 1996 മെയ് 20 നു നിത്യവ്രതവാഗ്ദാനവും സ്വീകരിച്ചു.

2024 ഓഗസ്റ്റ് 31 ശനിയാഴ്ച ശക്തമായ ശ്വാസതടസം നേരിടുകയും ശാരീരികനില കൂടുതൽ വഷളാവുകയും ചെയ്തു. വൈകിട്ട് 5 മണിയോടെ ആ പാവനാത്മാവ് തന്റെ 56-ാം വയസ്സിൽ തനിയ്ക്കായി കാത്തിരിക്കുന്ന സ്വർഗീയ ഗേഹത്തിലേയ്ക്ക് പറന്നുയർന്നു. കോടഞ്ചേരി മരിയൻ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തിയ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് പിതാവ് കാർമികത്വം വഹിച്ചു.



# വിശ്വാസപരിശീലനം

## ലൂമിന 11

സെപ്റ്റംബർ 1 ഞായറാഴ്ച്ച മലപ്പുറം മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം മഞ്ചേരി ദൈവാലയത്തിൽ വച്ച് നടന്നു. മലപ്പുറം മേഖലയിലെ 9 ഇടവകകളിൽ നിന്ന് 140 യുവജനങ്ങൾ പങ്കെടുത്തു.

## Power Cell - 5

സെപ്റ്റംബർ 2 തിങ്കളാഴ്ച പൊന്ന്യാംകുറിശ്ശി ഇടവകയിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി എന്നീ ഇടവകകളിൽ നിന്നും 67 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യപിതാവിന്റെ സാന്നിധ്യം വളരെ അനുഗ്രഹപ്രദമായിരുന്നു.

## Power Cell - 6

സെപ്റ്റംബർ 4 ചീരട്ടാമല സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ മലാപറമ്പ്, ചീരട്ടാമല, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട എന്നീ ഇടവകകളിൽ നിന്നും 75 അധ്യാപകർ പങ്കെടുത്തു.

## Family Quiz cat.2024 വിജയികൾ

താമരശ്ശേരി രൂപതയിലെ വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർ കുട്ടികളോടൊപ്പം ഒരുമിച്ചിരുന്ന് പങ്കെടുത്ത Family Quiz Cat. മത്സരത്തിൽ രൂപതാതല വിജയികൾ.

*ആദ്യ പത്ത് സ്ഥാനത്തിന് അർഹരായവർ*

First Prize : Joseph Thomas Chirayilparambil & Family - Koodaranji

Second Prize : Joby Jose Nariveliputhiyedath & family - Thiruvambady

Third Prize : Reneesh Sebastian Oonattu & Family - Maramchatty

4 Emil Pulikkal, Anakkampoil

5 Maria Tom Joseph, Padathukadavu

6 Jomon Mathew, Thekkumkutty

7 Celinamma Jacob, Kalikavu

8 Bincy Mathew, Theyyapara

9 Ann Maria John, Mukkom
10 Roy Kunnathettu, Malaparambu

**Power Cell – 7**

സെപ്റ്റംബർ 12 കുളിരാമുട്ടി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കൂടരഞ്ഞി, വിളക്കാംതോട്, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ് എന്നീ ഇടവകകളിൽ നിന്നും 75 അധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യപിതാവ് അധ്യാപകർക്ക് സമാഗമകൂടാരത്തെകുറിച്ച് ക്ലാസ്സ് നൽകി.

**Power Cell – 8**

സെപ്റ്റംബർ 17 കൽക്കുണ്ട് സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കരുവാരക്കുണ്ട് മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും 70 അധ്യാപകർ പങ്കെടുത്തു.

**Faith @ Home**

വിശ്വാസംപരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Parental Catechesis പ്രോഗ്രാം സെപ്റ്റംബർ 18 ബുധനാഴ്ച ചെമ്പുകടവ് ഇടവകയിൽ വച്ച് നടന്നു

**ലൂമിന 12**

സെപ്റ്റംബർ 22 ഞായറാഴ്ച്ച തിരുവമ്പാടി മേഖലയിലെ യുവജനങ്ങൾക്കായുള്ള രണ്ടാമത്തെ ലൂമിന പ്രോഗ്രാം പുല്ലൂരാംപാറ ദേവാലയത്തിൽ വച്ച് നടന്നു. തിരുവമ്പാടി, ആനക്കാംപൊയിൽ, പുല്ലൂരാംപാറ, കരിമ്പ്, മുത്തപ്പൻപുഴ, കല്ലുരുട്ടി, വേനപ്പാറ എന്നീ ഇടവകകളിൽ നിന്നും 330 യുവജനങ്ങൾ പങ്കെടുത്തു.

**ACC 13,14,15 Online Class**

ACC 13 : "ഏകമധ്യസ്ഥനായ ക്രിസ്തുവും വിശുദ്ധരുടെ മാധ്യസ്ഥ്യവും" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. മാത്യു തൂമുള്ളിൽ ക്ലാസ്സ് എടുത്തു.

ACC 14 : വി.കുർബാനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ" എന്ന വിഷയത്തെ കുറിച്ച് റവ. സി. ജെസ്‌ലിൻ സി.എം.സി "ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഇന്ന് (ഒന്നാം ഭാഗം)" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ ക്ലാസ്സ് എടുത്തു.

ACC 15 : അന്യന്റെ ഭാര്യയെയും, വസ്തുക്കളേയും മോഹിക്കരുത്", "വിവാഹമെന്ന കൂദാശ" എന്ന വിഷയങ്ങളെ കുറിച്ച് മി. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. "ത്രിത്വൈക ദൈവവിശ്വാസം യുക്തിഭദ്രമാണോ?" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell , Faith @ Home, Interveiws, ഒരു വചനം, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ഒരു വചനം

കാറ്റക്കിസം യൂട്യൂബ് ചാനൽ വഴി ഒരു വചനം എന്ന് പറയുന്ന ഒരു ഓൺലൈൻ പ്രോഗ്രാം ആരംഭിച്ചു. വി.ഗ്രന്ഥത്തിലെ ഒരു തിരുവചനം കുട്ടികൾ ഉരുവിടുന്ന വീഡിയോ കാറ്റക്കിസം ചാനൽ വഴി സംപ്രേക്ഷണം ചെയ്തു. ഇതിനോടകം 7 വീഡിയോകൾ ഒരു വചനത്തിൽ സംപ്രേക്ഷണം ചെയ്തു.

## 2024–2025 വർഷത്തെ STD 12 ക്ലാസിലെ പ്രതിഭാ സംഗമത്തിന്റെ പാഠഭാഗങ്ങൾ

I Quiz

(1) ലൂക്ക 9 –16 അധ്യായങ്ങൾ (2) 2 കോറി 7–13 അധ്യായങ്ങൾ

(3) വി. എവുപ്രാസ്യ (4) സീറോ മലബാർ സഭയുടെ ചരിത്രം ആഗോളസഭ : പൊതുവിജ്ഞാനം (5) സീറോ മലബാർ സഭ ഇന്ന്

II ചർച്ചക്ക് എടുക്കുന്ന വിഷയങ്ങൾ

(1) ഞാൻ ആരാണ്? എന്റെ കടമകൾ എന്തൊക്കെയാണ്? (2) മാതൃ സഭയോടുള്ള സ്നേഹം, (3) ആധുനിക കാലഘട്ടത്തിലെ വിശ്വാസ ജീവിതം, (4) ഈ കാലഘട്ടത്തിൽ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, അവക്കുള്ള പരിഹാര മാർഗങ്ങൾ, (5) എന്റെ സഭക്ക് എന്തൊക്കെ നല്കാൻ എനിക്ക് സാധിക്കും, (6) ക്രൈസ്തവ വിശ്വാസസന്മാർഗ ബോധ്യങ്ങൾ, (7) വിശ്വാസ പരിശീലനം എന്ത്? എന്തിന്?, (8) വിശ്വാസ ജീവിത സാക്ഷ്യം.

III കുട്ടികളെ വിലയിരുത്തുന്നതിന് സഹായകമാകുന്ന ചില മേഖലകൾ, സൂചികകൾ

(1) ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത, (2) വിശ്വാസം ജീവിക്കാൻ, അതിന് സാക്ഷ്യം നല്കാൻ എത്രമാത്രം ഒരാൾ തയ്യാറാണ്, (3) ഒരേ അമ്മയുടെ മക്കളെന്ന നിലയിൽ ഒരാൾ സ്വീകരിക്കേ നിലപാടുകൾ, അവക്ക് അടിസ്ഥാനമായ ബോധ്യങ്ങൾ: ഇവയിൽ എത്രമാത്രം ഒരാൾ ആഴപ്പെട്ടിട്ടുണ്ട്, (4) പന്ത്രണ്ടു വർഷത്തെ വിശ്വാസ പരിശീലനം ഒരാളെ എങ്ങനെ, എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു എന്ന വിലയിരുത്തൽ, (5) ക്യാമ്പ് ദിവസങ്ങളിലുള്ള പെരുമാറ്റ രീതി, group work, ക്ലാസ്സുകളിലും മറ്റ് activity-കളിലുമുള്ള സജീവ പങ്കാളിത്തം.

**ഒക്ടോബർ 2024**

01 ചൊവ്വ - ജപമാല മാസാരംഭം, വി. കൊച്ചുത്രേസ്യ
അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

02 ബുധൻ - കാവൽ മാലാഖ

04 വെള്ളി - വി. ഫ്രാൻസിസ് അസീസി
ഫ്രാൻസിസ് മാർപാപ്പയുടെ നാമഹേതുക തിരുനാൾ

06 ഞായർ - ഏലിയാ സ്ലീവാ മൂശ 7-ാം ഞായർ
ലഹരിവിരുദ്ധ ദിനം

12 ശനി - മേഖലാതല പ്രതിഭാസംഗമം (HCC II)

13 ഞായർ - ഏലിയാ ശ്ലീവാ മൂശ 8-ാം ഞായർ
ACC 13, 14, 15 Online Class - 9

15 ചൊവ്വ - ആവിലായിലെ വി. ത്രേസ്യ

16 ബുധൻ - വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ

18 വെള്ളി - വി. ലൂക്കാ സുവിശേഷകൻ

20 ഞായർ - ഏലിയാ ശ്ലീവാ മൂശ 9-ാം ഞായർ
മിഷൻ ഞായർ

22 ചൊവ്വ - വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

24 വ്യാഴം - Power Cell – 12 : കൂമംകുളം സെന്റർ
(കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട്)

26 ശനി - അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ
മേഖലാ കമ്മറ്റിക്കു നൽകുന്നു. Power Cell - 10 :
ചെമ്പുകടവ് സെന്റർ (വലിയകൊല്ലി, കൂരോട്ടുപാറ,
മഞ്ഞുമല, മഞ്ഞുവയൽ, ചെമ്പുകടവ്)

27 ഞായർ - ഏലിയാ ശ്ലീവാ മൂശ 10-ാം ഞായർ
ACC 13, 14, 15 Online Class - 10

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

## തെശ്ബൊഹ്ത്താ - സുറിയാനി ഗീതങ്ങളുടെ സമാഹാരം

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച സുറിയാനി ഗീതങ്ങളുടെ സമാഹാരമായ 'തെശ്ബൊഹ്ത്താ' ബിഷപ്പ് ഹൗസിൽ ലഭ്യമാണ്. വിശുദ്ധ കുർബാനയുടെ അവസരത്തിലും മറ്റ് അവസരങ്ങളിലും ആലപിക്കാവുന്ന സുറിയാനി ഗീതങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതാണിത്. ഒരു കോപ്പിക്ക് 20 രൂപയാണ് വില. കുട്ടികളെയും മുതിർന്നവരെയും നമ്മുടെ ആരാധനാ സംഗീതം പരിചയപ്പെടുത്താൻ ഇത് ഏറെ സഹായകമാണ്.

## ഫീദെസ് ഫാമിലി ക്വിസ് 2024 ന്റെ QR Code നവംബർ ലക്കം മലബാർ വിഷനിൽ

താമരശ്ശേരി രൂപത കലണ്ടർ 2024നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ക്വിസ് മത്സരമായ ഫീദെസ് ഫാമിലി ക്വിസ് 2024 ന്റെ ഒന്നാം ഘട്ട ഇടവക തല മത്സരത്തിനുവേണ്ടിയുള്ള ചോദ്യങ്ങളുടെ QR Code നവംബർ ലക്കം മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*പ്രത്യേകതകൾ :* താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം.ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം. ഇടവകാതലം,രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്. 2024 ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. നവംബർ ലക്കത്തിലെ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ ഓൺലൈനായി അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 23 ആണ്. പ്രായ ഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് (രണ്ട് കുടുംബങ്ങൾ) രൂപതാ തല രണ്ടാം ഘട്ട മത്സരത്തിന് അർഹരാകുന്നത്. ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2025 ഫെബ്രുവരി രണ്ടാം ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം : 15,000 രൂപ (CHEM Pharma, Calicut Road, Manjeri)
രണ്ടാം സമ്മാനം : 10000 രൂപ (Fatima Druglines, Manjeri)
മൂന്നാം സമ്മാനം : 5000 രൂപ (Maruti Auto House, Manjeri)

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

### മർഗാനീസ ക്ലാസ് രണ്ടാം ഭാഗം

സെപ്റ്റംബർ 28 ലെ ക്ലാസ് നയിച്ചത് സീറോ മലബാർ സഭയുടെ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും കുന്നോത്ത് മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചനാണ്. 'പ്രവേശക കൂദാശകളുടെ ആഴങ്ങളിലേക്ക്.' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

**ഫാ. ജോസഫ് കളത്തിൽ**
ലിറ്റർജി കമ്മീഷൻ

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

### ഡയറക്ടറുടെ ഇടവക സന്ദർശനം

സെപ്റ്റംബർ 8 ഞായർ കൂരോട്ടുപാറ, നരിനട ഇടവകകളും സെപ്റ്റംബർ 15 അടയ്ക്കാക്കുണ്ട് ഇടവകയും സെപ്റ്റംബർ 22 ചെമ്പുകടവ് ഇടവകയും സെപ്റ്റംബർ 29 മുതുകാട് ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബാന അർപ്പിക്കുകയും അൾത്താര സംഘത്തെ സന്ദർശിക്കുകയും വി. കുർബാനയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അൾത്താര സംഘത്തിന് ക്ലാസ്സ് എടുക്കുകയും ചെയ്തു.

### ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

സ്മാർട്ട് സംഘടന രൂപതയുടെ ഉന്നത വിദ്യാഭ്യാസസ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ് ആരംഭിച്ചു. എല്ലാ ശനിയാഴ്ചയും കുട്ടികൾക്ക് ഓൺലൈനായി ഇംഗ്ലീഷ് കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. 175 കുട്ടികൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒക്ടോബർ 5 ന് ഇംഗ്ലീഷ് കോഴ്സ് ആരംഭിക്കും.

### ഫൊറോന സംഗമങ്ങൾ

അൾത്താര ബാലിക-ബാലന്മാരുടെ ഫൊറോന സംഘങ്ങൾ ഒക്ടോബർ മാസം മുതൽ വിവിധ ഫൊറോനകളിൽ നടക്കുന്നു. ഫൊറോന സംഗമങ്ങളുടെ തീയതികളും വിശദവിവരങ്ങളും ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

## സെമിനാരി വാർത്ത

### Spritual Empowerment Programme

ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. കുര്യൻ പുരമഠം, ഫാ. ജോജി കപ്പുച്ചിൻ എന്നിവരുടെ നേതൃത്വത്തിൽ ആഗസ്റ്റ് 19, 20 തീയതികളിലായി രണ്ടു ദിവസത്തെ കൗൺസിലിംഗ് ആൻഡ് സൈക്കോ തെറാപ്പി പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ ക്ലാസുകൾ, പ്രായോഗിക പരിശീലന പരിപാടികൾ, മൂല്യവത്തായ ഗെയിമുകൾ, വ്യക്തിപരമായ കൗൺസിലിങ്ങ് എന്നിവയിലൂടെ പ്രോഗ്രാം കൂടുതൽ സജീവമായിരുന്നു.

### Abide 2024

ഭക്തിഗാന രചയിതാവും, ഗായകനും, എസ്.എം.വൈ.എം. യൂറോപ്പ് യൂത്ത് ഡയറക്ടറുമായ ബഹു. ഫാ. ബിനോജ് മുളവരിക്കൽ ആഗസ്റ്റ് 30 വൈകുന്നേരം സെമിനാരി സന്ദർശിച്ച് ഷെയറിങ് നടത്തി. തുടർന്ന് നടന്ന ആരാധന ആത്മീയ ഉണർവ് പകരുന്നതായിരുന്നു. ആഗസ്റ്റ് 31ന് രാവിലെ അദ്ദേഹം വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

### First Term Examinations

സെമിനാരിയിലെ ആദ്യ സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ രണ്ടു മുതൽ 12 വരെ തീയതികളിൽ നടന്നു.

### VISIT OF MAJOR ARCH BISHOP

സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മാർ റാഫേൽ തട്ടിൽ സെപ്റ്റംബർ ആറാം തീയതി മൈനർ സെമിനാരി സന്ദർശിക്കുകയും വൈദിക വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. വൈദിക വിദ്യാർഥികൾക്ക് ഇത് ഒരു പുതിയ അനുഭവമായി മാറി.

## 4th DEATH ANNIVERSARY OF BISHOP MAR PAUL CHITTILAPPILLY

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ നാലാം ചരമ വാർഷിക ദിനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന വിശുദ്ധ കുർബാനയിലും മറ്റു ശുശ്രൂഷകളിലും ബ്രദേഴ്സ് പങ്കെടുക്കുകയും അഭിവന്ദ്യ പിതാവിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## Thank you & Welcome

മൈനർ സെമിനാരി കുടുംബത്തിലേക്ക് പുതുതായി കടന്നുവന്ന ഫാ. ജോർജ്ജ് പുരയിടത്തിലിനു സ്വാഗതം. രൂപതയിലെ Vocation Promoter, Director of SMART, മൈനർ സെമിനാരി സ്റ്റാഫ് എന്നീ നിലകളിലാണ് അച്ചൻ ശുശ്രൂഷ ചെയ്യുന്നത്. കഴിഞ്ഞ നാല് മാസക്കാലത്തോളം സെമിനാരിയിൽ അംഗമായിരുന്ന ഫാ. പീറ്റർ പൂതർമണ്ണിലിന് നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

## ONAM CELEBRATION AND VACATION

സെപ്റ്റംബർ പതിമൂന്നാം തീയതി ഓണം ആഘോഷിക്കുകയും ഓണത്തോടനുബന്ധിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. സെപ്റ്റംബർ 13ന് പരീക്ഷയ്ക്ക് ശേഷമുള്ള അവധി ആരംഭിച്ചു. ഇരുപത്തിയഞ്ചാം തീയതി അവർ തിരിച്ചെത്തി.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ

പരിശുദ്ധ കന്യക മറിയത്തിന്റെ ജനനത്തിരുനാളിനായി പ്രാർത്ഥിച്ചൊരുങ്ങാൻ എട്ടുനോമ്പു ദിവസങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ നേതൃത്വത്തിൽ 'എന്റെ അമ്മ സൂപ്പർ ആണ്' വീഡിയോ തയ്യാറാക്കി നൽകി.

## ജീവധാര രക്തദാന ക്യാമ്പ്

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ അനുസ്മരണ ദിനത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതി സംഘടിപ്പിച്ച ജീവധാര 2K24 രക്തദാന ക്യാമ്പിൽ താമരശ്ശേരി ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയിലെ പ്രതിനിധികളും പങ്കുചേർന്നു.

## പ്രേഷിത കൂടാരം

ഒറവുംപുറം, ബാലുശ്ശേരി എന്നീ ശാഖകളിൽ സെപ്റ്റംബർ മാസം പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിച്ചു.

വി. മദർ തെരേസായുടെ തിരുനാൾ ദിനം ചെറുപുഷ്പ മിഷൻ ലീഗ് രൂപത മേഖല ശാഖ തലങ്ങളിൽ ബേത്സഥാ അഗതിമന്ദിര സന്ദർശനം ആരംഭിച്ചു.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ദിനം

ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ദിനത്തോടനുബന്ധിച്ച് ശാഖ തലം മുതൽ അന്തർ ദേശീയ തലം വരെയുള്ള ഡയറക്ടർ അച്ചന്മാരെ ആദരിക്കുകയും ഡയറക്ടേഴ്സ് ദിന വീഡിയോ,പോസ്റ്റർ എന്നിവ പങ്കുവയ്ക്കുകയും ചെയ്തു.

സെപ്റ്റംബർ 14ന് ചെറുപുഷ്പ ദേവാലയത്തിൽ വച്ച് നടന്ന വിശുദ്ധ കുർബാനയിലും അനുസ്മരണ യോഗത്തിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമ രജത ജൂബിലി സ്മാരക പ്രസംഗ മത്സരത്തിൽ എവർ റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയ താമരശ്ശേരി രൂപത കുണ്ടുതോട് ശാഖയിലെ സോനാ മാത്യു തുടിയൻപ്ലാക്കലിന് അഭിനന്ദനങ്ങൾ നേരുന്നു.

## ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ പ്രസംഗം മത്സരം രൂപതാ തല വിജയികൾ

1st സോനാ മാത്യു തുടിയാംപ്ലാക്കൽ. കുണ്ടുതോട്

2nd അലീന സെബാസ്റ്റ്യൻ പുരിയോട്ട്, ചീരട്ടാമല

3rd ബ്രിജിറ്റ് തോമസ് കാവിൽ പുരയിടത്തിൽ, ചെമ്പനോട &

എയ്ഞ്ചൽ മരിയ ഷാജി വലിയവീട്ടിൽ, കല്ലാനോട്

## തിരിനാളം സ്കിറ്റ് വിജയികൾ

1st കൂടരഞ്ഞി

2nd മാങ്കാവ്, കൂരാച്ചുണ്ട്

3rd മാലാപറമ്പ്, അമലാപുരി, തേഞ്ഞിപ്പാലം

## ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരങ്ങൾ

ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 21 ന് ശനിയാഴ്ച മേരിക്കുന്ന് PMOC യിൽ വച്ച് നടത്തപ്പെട്ടു.

## അറിയിപ്പ്

രൂപത മിഷൻ കലോത്സവം പ്രേഷിതം 2k24 ഒക്ടോബർ 12 ശനിയാഴ്ച രാവിലെ തിരുവമ്പാടി അൽഫോൻസ കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ

1 ചൊവ്വ – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അസാധാരണ സമ്മേളനം, വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം, അംഗത്വ നവീകരണം, മിഷൻ മാസാചരണം, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ, രൂപത കലോത്സവത്തിന്റെ ലിസ്റ്റ് തരേണ്ട അവസാന തീയതി

02 ബുധൻ – രൂപത സംസ്ഥാന റീജണൽ ഓർഗനൈസർമാരുടെ ഓൺലൈൻ സംഗമം, കാവൽ മാലാഖമാരുടെ തിരുനാൾ

03 വ്യാഴം – സി.എം.എൽ. എഴുപത്തി എട്ടാം ജന്മദിന ആഘോഷം പതാക ഉയർത്തുന്നു. ആഘർഷകമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു, കൃതജ്ഞത ബലിയർപ്പണം നടത്തുന്നു.

06 ഞായർ – താമരശ്ശേരി റീജിയണൽ മീറ്റിംഗ് 3 pm

12 ശനി – രൂപത കലോത്സവം

13 ഞായർ – എക്സിക്യൂട്ടീവ് മീറ്റിംഗ് – മിഷൻ വാരാചരണം
തിരുവമ്പാടി റീജിയണൽ മീറ്റിംഗ് 3 pm

19 ശനി - മിഷൻ ഞായറിന് മുന്നോടിയായുള്ള ഭവന സന്ദർശനം
20 ഞായർ - മിഷൻ ഞായർ
27 ഞായർ - കലോത്സവം ട്രെയിനിംഗ് പ്രോഗ്രാം
30 ബുധൻ - മിഷൻമാസ സമാപനം

## പ്രവർത്തനങ്ങൾ

* പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് മിഷൻ ഞായർ ആചരണം ആഘോഷമായി കൊണ്ടാടുന്നു
* മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു, മിഷൻ പ്രദേശങ്ങളെ പരിചയപ്പെടുത്തുന്നു.
* പതാകദിനത്തോടനുബന്ധിച്ച് ആകർഷകമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു
* രൂപതാ കലോത്സവം
* മിഷൻ മാസാചരണം മിഷൻ സെന്ററുകളുമായി ബന്ധപ്പെട്ട് നടത്തുക.
* മിഷൻ കേന്ദ്രത്തെ പരിചയപ്പെടുത്തുന്ന അഭിമുഖം അനുഭവം പങ്കുവെയ്ക്കൽ എന്നിവ നടത്തുക.
* എല്ലാ തലങ്ങളിലും മിഷൻ വാരാചരണം നടത്തുന്നു. പ്രത്യേക പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# തിരുബാലസഖ്യം

സെപ്റ്റംബർ 5 വിശുദ്ധ മദർ തെരേസായുടെ തിരുനാൾ ദിനം മദർ തെരേസയെ കുറിച്ച് ധ്യാനിക്കുയും തിരുനാൾ മംഗളങ്ങൾ ഏവർക്കും നേരുകയും ചെയ്തു.

- സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോട് അനുബന്ധിച്ച് എട്ട് ദിവസവും അമ്മയുടെ പുണ്യങ്ങളെക്കുറിച്ച് ധ്യാനിക്കുകയുണ്ടായി.
- അമ്മയുടെ ജീവിത സുകൃതവഴികളെ ചാരുതയാർന്ന വാക്കുകളാൽ അലങ്കരിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ തിരുബാല സംഖ്യം കുട്ടികൾ 'എന്റെ അമ്മ സൂപ്പറാണ്' എന്ന വീഡിയോ പ്രെസന്റേഷൻ നടത്തി.
- തിരുബാലസഖ്യവും മിഷൻലീഗും സംയുക്തമായി ഈ വർഷം താമരശ്ശേരി രൂപതയിൽ നടത്തുന്ന 'പ്രേഷിതകൂടാരം' വൺഡേ പ്രോഗ്രാമിൽ ഈ മാസം ഒറവുംപുറം, ബാലുശ്ശേരി എന്നീ ഇടവകകൾ സന്ദർശിച്ചു.
- കുട്ടികളെ വിശുദ്ധ മദർ തെരേസ, വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, വിശുദ്ധ പാദ്രേ പിയോ എന്നീ തിരുനാളുകൾ പരിചയപ്പെടുത്തി.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# വിദ്യാഭ്യാസരംഗം

## അൽഫോൻസാ ദിനാചരണം - സമ്മാനാർഹർ

രൂപതാമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ ഈ വർഷത്തെ തിരുന്നാൾ സ്കൂൾതലത്തിൽ ഏറ്റവും മികച്ച രീതിയിൽ സംഘടിപ്പിച്ച സ്കൂളുകൾക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിച്ചു.

**വിജയികൾ**

I - ഐ.സി.യു.പി. സ്കൂൾ, പൂഴിത്തോട്
II - സെന്റ് തോമസ് യു.പി.സ്കൂൾ കൂരാച്ചുണ്ട്
III - സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ, കൂടരഞ്ഞി

## പ്രോത്സാഹന സമ്മാനം

നസ്രത്ത് എൽ.പി.സ്കൂൾ, മുത്തോറ്റിക്കൽ
സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, കോടഞ്ചേരി
ലിറ്റിൽ ഫ്ളവർ യു.പി. സ്കൂൾ, പശുക്കടവ്
എം.എ.എം. യു.പി. സ്കൂൾ, വിളക്കാംതോട്
സെന്റ് മേരീസ് ഹൈസ്കൂൾ, കല്ലാനോട്
സെന്റ് മേരീസ് ഹൈസ്കൂൾ, കക്കാടംപൊയിൽ
സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കോടഞ്ചേരി
സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, പുല്ലൂരാംപാറ

## പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം ഓൺലൈനായി 11.09.2024 ബുധനാഴ്ച ചേരുകയുണ്ടായി. സ്കൂളുകളിലെ പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളും പാഠ്യേതര പദ്ധതികളും ചർച്ച ചെയ്യപ്പെട്ടു. അക്കാദമിക നിലവാരം ഉയർത്തേണ്ടതിന്റെയും അച്ചടക്കം നിലനിർത്തേണ്ടതിന്റെയും ആവശ്യകത കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് പ്രധാനധ്യാപകരെ ഉദ്ബോധിപ്പിച്ചു. ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ, പഠിതാക്കളുടെ ശാരീരിക മാനസിക വികാസം ഉറപ്പാക്കൽ, സാമൂഹ്യ- സൗഹൃദ വിദ്യാലയാന്തരീക്ഷം എന്നീ ആശയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. 2024 ഡിസംബർ മാസത്തിൽ കോർപ്പറേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന മെഗാക്വിസ് മത്സരത്തിന്റെ വിശദാംശങ്ങൾ യോഗം ചർച്ച ചെയ്തു. സ്കൂൾ, മേഖല, കോർപ്പറേറ്റ് തലങ്ങളിൽ പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഗ്രാന്റ് ഫിനാലെ

മത്സരം തിരുവമ്പാടിയിൽവെച്ച് നടത്തുന്നതിനും വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതിനും തീരുമാനിച്ചു. സ്കൂൾ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ സമയബന്ധിതമായി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പ്രധാനധ്യാപകർക്ക് നൽകി. നിശ്ചിത ഇടവേളകളിൽ പ്രധാനധ്യാപകയോഗം ഓൺലൈനായി ചേരാൻ തീരുമാനിച്ചു.

**ഫയൽ അദാലത്ത്**

പൊതുവിദ്യാഭ്യാസ വകുപ്പിൽ തീർപ്പാകാതെ കെട്ടികിടക്കുന്ന ഫയലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന്റെ ഭാഗമായി 17/08/2024 ശനിയാഴ്ച കോഴിക്കോടുവെച്ച് നടന്ന മേഖലതല ഫയൽ അദാലത്തിൽ കോർപ്പറേറ്റ് മാനേജരുടെ പ്രതിനിധികൾ, പ്രധാനധ്യാപകർ, അധ്യാപകർ എന്നിവർ പങ്കെടുക്കുകയും തീർപ്പാകാത്ത ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ ബഹു. പൊതുവിദ്യാഭ്യാസ മന്ത്രി അടക്കമുള്ള വകുപ്പധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും സമയബന്ധിതമായി തീർപ്പുകൽപ്പിക്കാമെന്ന ഉറപ്പ് സമ്പാദിക്കുകയും ചെയ്തു.

**എസ്.ആർ.ഐ. സമ്മേളനം**

കോർപ്പറേറ്റ് സ്കൂളുകളിൽ മതബോധനം, സന്മാർഗ്ഗശാസ്ത്രം വിഷയങ്ങളുടെ അദ്ധ്യയനവുമായി ബന്ധപ്പെട്ട് പ്രത്യേക ചുമതല നൽകിയിട്ടുള്ള എസ്.ആർ.ഐ.(സെക്രട്ടറി ഫോർ റീലിജിയസ് ഇൻസ്ട്രക്ഷൻ) മാരുടെ യോഗം 25/09/2024 ബുധനാഴ്ച മാർ മങ്കുഴിക്കരി മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ ചേർന്നു. സ്കൂളുകളിൽ വേദപാഠ-സന്മാർഗ്ഗശാസ്ത്ര വിഷയങ്ങൾ കാര്യക്ഷമമായി പഠിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കോർപ്പറേറ്റ് മാനേജർ നൽകുകയുണ്ടായി. വാർഷികപരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ എന്നിവ മികച്ച രീതിയിൽ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പരീക്ഷാസംബന്ധമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയെയും കൺവീനറെയും തെരഞ്ഞെടുത്തു.

**ആദരാഞ്ജലികൾ**

ദീർഘകാലം വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ സ്തുത്യർഹ സേവനമനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന സിസ്റ്റർ പി.റ്റി. അന്നക്കുട്ടി (സിസ്റ്റർ മേരി ഫിലമിൻ എസ്.എച്ച്, റിട്ട. എച്ച്.എം., നസ്രത്ത് എൽ.പി.സ്കൂൾ, മുത്തോറ്റിക്കൽ), ശ്രീമതി ഇ.ജെ. അന്നമ്മ (റിട്ട. ടീച്ചർ, സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ കൂടരഞ്ഞി), ശ്രീ. കെ.ജെ. ചാക്കോ (റിട്ട. ടീച്ചർ, സെന്റ് മേരീസ് എച്ച്.എസ്. കല്ലാനോട്) എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി, ഡയറക്ടർ ഫാ.കുര്യൻ പുരമട ത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുക ളും, ഓഫ് ലൈൻ ആയും, ഓൺലൈൻ ആയും, നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരി മുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ ലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നൽകപ്പെടുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസി സ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവം ജെപിഐ യിൽ ലഭ്യമാണ്.

21-ാം നൂറ്റാണ്ടിലെ ലോകത്തിലെ വ്യക്തികളുടെയും സാമൂഹിക സംവി ധാനങ്ങളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും കാര്യക്ഷമമായി പ്രതിക രിക്കുന്നതിനുമുള്ള ആശയപരമായ ഇൻപുട്ടുകളും വിദഗ്ധ പരിശീലനവും നൽകി വിദ്യാർത്ഥികളെ സഹായിക്കുന്നതിനും സജ്ജരാക്കുന്നതിനും ജെപിഐ പരി ശ്രമിക്കുന്നു. വ്യക്തിഗത വിദ്യാർത്ഥിയിൽ നിക്ഷേപം നടത്താനുള്ള പ്രതിബദ്ധ തയാണ് ജെപിഐയുടെ സവിശേഷത. അറിവും നൈപുണ്യവും നേടുന്നതിന് മാത്രമല്ല, നല്ല യോഗ്യതയുള്ള പരിചയസമ്പന്നരായ ഫാക്കൽറ്റികളുമായുള്ള വ്യക്തിഗത ഇടപെടലുകളിലൂടെയും സമപ്രായക്കാരുടെ ഇടപെടലിലൂടെയും പിന്തുണയിലൂടെയും അവരുടെ അന്തർലീനമായ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും ഒപ്റ്റിമൈസ് ചെയ്യാനും ഓരോ വിദ്യാർത്ഥിയെയും പ്രോത്സാഹിപ്പി ക്കുന്നു.

## കോഴ്സുകൾ

1 എം.എസ്സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)

2 എം.എസ്.സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2024-2026 ബാച്ച് (ഓഫ് ലൈൻ/ ഓൺലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു കോഴ്സിൽ ചേരാൻ ആഗ്ര ഹിക്കുന്നവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. Contact No. 949675018, 9037379180

### മൂന്നാമത് ബാച്ചിന്റെ ബിരുദദാനവും, ആറാമത് ബാച്ചിന്റെ ഉദ്ഘാടനവും

ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പിയിൽ നിന്ന് എം.എസ്സി. കൗൺസിലിംഗ് സൈക്കോളജി കോഴ്സ് പൂർത്തിയാക്കിയ മൂന്നാമത് ബാച്ചിന്റെ ബിരുദദാനവും ആറാമത് ബാച്ചിന്റെ ഉദ്ഘാടനവും ജി.പി.ഐ. ഇൻസ്റ്റ്യൂട്ടിൽ നടന്നു. താമരശ്ശേരി ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയിൽ ബിരുദദാനം നിർവഹിച്ചു. ജെ.പി.ഐ ഡയറക്ടർ ഫാ. കുര്യൻ പുരമഠം, ഫാ. ജോജി ജോസഫ്, ഡോ. റിതിക, ബൽരാജ്, ബിന്ദു ജോസഫ്, ശാലിനി എന്നിവർ പ്രസംഗിച്ചു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

### പൂർത്തിയായ കോഴ്സുകൾ

- 'വിശ്വാസ വിഷയങ്ങൾ ഒരു സമഗ്രപഠനം' (ഏകവത്സര ഓൺലൈൻ കോഴ്സ്) വിജയകരമായി പൂർത്തിയാക്കിയ ആദ്യ ബാച്ചുകാരുടെ സംഗമം നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.
- ബൈബിൾ പഠനം (ഏകവത്സര ഓൺലൈൻ കോഴ്സ്, 202324) ക്ലാസുകളും പരീക്ഷകളും പൂർത്തിയാക്കി.
- വിശുദ്ധ കുർബാന സുറിയാനി ഭാഷയിൽ പഠനം (ഏകവത്സര ഓൺലൈൻ കോഴ്സ്, 2023-24) ക്ലാസുകളും പരീക്ഷകളും പൂർത്തിയാക്കി.

### പുരോഗമിക്കുന്ന കോഴ്സുകൾ

- 'വിശ്വാസവഴിയിലെ ചോദ്യങ്ങളും ഉത്തരങ്ങളും' പഠനപരമ്പര വിജയകരമായി പുരോഗമിക്കുന്നു.
- മതാധ്യാപകർക്കായി മതബോധനഗ്രന്ഥം ആഴത്തിൽ പഠിക്കാനായി 'എൻലൈറ്റൻമെന്റ്' പഠനപരമ്പരക്ക് തുടക്കമായി.
- 'വിശ്വാസവിഷയങ്ങൾ ഒരു സമഗ്രപഠനം' (ഏകവത്സര ഓൺലൈൻ കോഴ്സ്, 2023-24) രണ്ടാം ബാച്ചിന്റെ ക്ലാസുകൾ ഒക്ടോബറിൽ പൂർത്തിയാകും.

## പുതിയ കോഴ്സുകൾ

1 ‘വിശ്വാസവിഷയങ്ങൾ ഒരു സമഗ്രപഠനം’ (ഏകവത്സര ഓൺലൈൻ കോഴ്സ്, 2024–25; ക്ലാസുകൾ മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചകളിൽ; സമയം വൈകുന്നേരം 8.30 മുതൽ 9.30 വരെ)

2 പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള പഠനം (മരിയൻ ശാസ്ത്രം) (ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

3 ബൈബിൾ ഒരു സമഗ്രപഠനം (ക്ലാസുകൾ മാസത്തിലെ ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

4. വിശുദ്ധ കുർബ്ബാന വിരചിത ഭാഷയിൽ (സുറിയാനിയിൽ) ഒരു പഠനം (രണ്ടാമത്തെയും നാലാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8.30 മുതൽ 9.30 വരെ).

NB: എല്ലാ കോഴ്സുകളും ഒക്ടോബറിൽ ആരംഭിക്കുന്നു. രജിസ്ട്രേഷനായി വിളിക്കേണ്ട നമ്പർ 82 81 34 61 79.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## EUREKA MOMENT MINI MASTER CAMP SEPTEMBER 2K24

സ്റ്റാർട്ട് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച യുറേക്ക മൊമെന്റ് മിനിമാസ്റ്റർ ട്രെയിനിംഗ് സെപ്റ്റംബർ 17, 18, 19 തീയതികളിൽ നടന്നു. രൂപതാ അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ സ്ഥലങ്ങളിൽ നിന്നായി അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള നൂറോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. സ്റ്റാർട്ട് ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ ആമുഖ പ്രസംഗം നടത്തി. ട്രെയിനർമാരായ സിനോ കുര്യൻ, റോബിമോൻ വർഗീസ്, സി. ട്രീസ, സി. സ്മിത, ശ്രീമതി മോളി ജോസഫ്, ഡിൽന ജോണി, പോൾ രാജ്, ദിദിമോസ് കടുകുംമാക്കൽ, ജോ സിബി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന്റെ സമാപനത്തിൽ സ്റ്റാർട്ട് കാമ്പസിൽ അഭിവന്ദ്യ റെമിജിയൂസ് പിതാവ് വൃക്ഷത്തൈ നട്ടുപിടിപ്പിച്ചു.

## START CARE SOLUTIONS-INTERNATIONAL CARE CERTIFICATE COURSE

ആരോഗ്യ മേഖലയിലെ മേഖലയിലെ ജോലി സാധ്യതകളെ മുൻനിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിച്ച മൂന്നുമാസത്തെ പരിശീലന കോഴ്സായ start care solution ന്റെ ആദ്യ ബാച്ച് പരിശീലനം വിജയകരമായി പൂർത്തിയാക്കി. ആരോഗ്യ മേഖലയിലുള്ള വിദഗ്ധർ ക്ലാസ്സുകൾ നയിക്കുകയും, ഡോക്ടർമാരുടെ സഹകരണത്തോടെ വിവിധങ്ങളായ പരിശീലന ക്ലാസ്സുകളും നടത്തപ്പെട്ടു. ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക പരിശീലനവും നൽകി. വിദ്യാർത്ഥികൾ അവരുടെ പ്രായോഗിക പരിശീലനം കോഴിക്കോടുള്ള ഹോം ഓഫ് ലവ്, കരുണാഭവൻ എന്നീ സ്ഥാപനങ്ങളിൽ പൂർത്തിയാക്കി. ഈ കോഴ്സിന് ക്ലാസുകൾ എടുത്തു സഹായിച്ച എല്ലാ ഡോക്ടർമാരെയും, അധ്യാപകരെയും, കരുണാഭവൻ ഡയറക്ടർ ബഹുമാനപ്പെട്ട സൈമൺ കിഴക്കേകുന്നേൽ അച്ചനേയും ഹോം ഓഫ് ലവ് ഡയറക്ടർ സി. അനുപമയേയും നന്ദിയോടെ ഓർക്കുന്നു.

start care solution ന്റെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. 2024 ഒക്ടോബർ മാസം 21 ന് പുതിയ ബാച്ച് ആരംഭിക്കും. ഇന്ത്യ, കാനഡ, യു. കെ, ഓസ്ട്രേലിയ, ജർമനി, ന്യൂസി ലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ elderly, disability and mental health care മേഖലകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ രൂപപ്പെടുത്തുക എന്നതാണ് ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ARTIFICIAL INTELLIGENCE AND COMPUTER PROGRA MMING WITH PYTHON

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് നേടുന്നതിനും പ്രത്യേകിച്ച് Machine Learning, Data Science എന്നിവയിൽ python ഉപയോഗിച്ച പ്രോഗ്രാമിംഗ് ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നതിനായി AI & Computer Programming with Python എന്ന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

യോഗ്യത : പ്ലസ് ടു കഴിഞ്ഞവർക്കും കമ്പ്യൂട്ടറിൽ അടിസ്ഥാനപരമായ അറിവുള്ളവർക്കും അപേക്ഷിക്കാം. രജിസ്ട്രേഷൻ 2024 ഒക്ടോബർ മാസം 30 ന് അവസാനിക്കുന്നതാണ്. Al കോഴ്സിന് നേതൃത്വം നൽകുന്നത് നെതർലാൻഡിലെ DEEP-TECH കമ്പനിയുടെ സിഇഒ & AI പ്രാക്ടീഷണർ ശ്രീ. റെഞ്ചി ജോണാണ്.

## START INTERNATIONAL LECTURE SERIES III

വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ആഴമായ ഉൾക്കാഴ്ചയും അറിവുമാണ് നമ്മെ മികച്ച അധ്യാപകരും സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരുമായി മാറ്റുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് മാസത്തിൽ ഒരിക്കൽ നടത്തുന്ന ലക്ചർ സീരീസ് മൂന്നാമത്തെ ലെക്ചർ 2024 സെപ്റ്റംബർ 30 ന് നടക്കും.

കൂടുതൽ വിവരങ്ങൾക്ക്: +91 495 2357843, +91 9037107843, +91 97444458111

emails:office@startindia.org & startcalicut22@gmail.com

websites: www.startindia.org & www.startcare.net

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# അൽഫോൻസ കോളേജ്

## ലീഗൽ ലിറ്ററസി സെൽ

4.9.2024ൽ തിരുവമ്പാടി അൽഫോൻസാ കോളേജും തിരുവമ്പാടി ജനമൈത്രി പോലീസും സംയുക്തമായി അൽഫോൻസാ കോളേജിൽ ആരംഭിക്കുന്ന ലീഗൽ ലിറ്ററസി സെൽ താമരശ്ശേരി ഡിവൈഎസ്പി പി. പ്രമോദ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളിൽ നിയമസാക്ഷരത വളർത്തുകയും നിയമ ലംഘനങ്ങളിൽ ഫല പ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ലീഗൽ ലിറ്ററസി സെൽ ആരംഭിച്ചിരിക്കുന്നത്. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ കെ വി അധ്യക്ഷത വഹിച്ച യോഗത്തിൽ തിരുവമ്പാടി എ എസ് ഐ സിന്ധു, കോളേജ് വൈസ് പ്രിൻസിപ്പൽ സെബാസ്റ്റ്യൻ എം.സി, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. പി എ മത്തായി, കോളേജ് യു യു സി ജുനൈദ് എന്നിവർ സംസാരിച്ചു.

## അധ്യാപക ദിനാചരണം

തിരുവമ്പാടി അൽഫോൻസാ കോളേജ് യൂണിയൻ കോളേജിലെ മുഴുവൻ അധ്യാപകരെയും അനധ്യാപകരെയും അധ്യാപക ദിനത്തോടനുബന്ധിച്ച് ആദരിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി ഡോൺ കെ തോമസ്, യു യു സി ജുനൈദ്, ആൽബിൻ, കിരൺ,സാനിയ, ഡാന്റസ്, ഹൃദ്യ, അനുമോൾ ജോസഫ്, തുടങ്ങിയവർ നേതൃത്വം നൽകി.

കാൽ നൂറ്റാണ്ടായി അധ്യാപന മേഖലയിൽ സ്തുത്യർഹ സേവനമനുഷ്ഠിക്കുകയും കോളേജ് വൈസ് പ്രിൻസിപ്പലായി സ്ഥാനകയറ്റം ലഭിക്കുകയും ചെയ്ത തിരുവമ്പാടി അൽഫോൻസാ കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയായിരുന്ന ശ്രീ. സെബാസ്റ്റ്യൻ എം. സി. യെ ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥികളും അധ്യാപകരും വിവിധ വകുപ്പ് മേധാവികളും ചേർന്ന് ആദരിച്ചു. പ്രിൻസിപ്പൽ പൊന്നാട അണിയിച്ചു. തുടർന്നു അസോസിയേഷൻ സെക്രട്ടറി മെമെന്റോ കൈമാറി.

## ആരവം 2024

അൽഫോൻസാ കോളജിൽ 'ആരവം 2024' എന്ന പേരിൽ ഓണാഘോഷം സംഘടിപ്പിച്ചു. പൂക്കള മത്സരങ്ങളോടെ ആരംഭിച്ച പരിപാടി കോളജ് പ്രിൻസിപ്പാൾ ഡോ കെ വി ചാക്കോ ഉദ്ഘാടനം ചെയ്തു. 17 ഇനം മത്സരങ്ങളാണ് വിദ്യാർത്ഥികൾക്കും അധ്യാപക അനധ്യാപകരക്കുമായി നടത്തപ്പെട്ടത്. വിജയികൾ ക്യാഷ് അവാർഡും മറ്റ് ആകർഷകങ്ങളായ സമ്മാനങ്ങളും കരസ്ഥമാക്കി.

അൽഫോൻസാ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ, ഐ ക്യു എ സി കോർഡിനേറ്റർ ഫാ. ജിയോ മാത്യൂ, വൈസ് പ്രിൻസിപ്പൽ സെബാസ്റ്റ്യൻ എം സി, വിവിധ വകുപ്പ് മേധവികൾ, ദീപ ഡൊമിനിക്, യൂണിയൻ ഭാരവാഹികൾ എന്നിവർ ഓണാഘോഷത്തിന് നേതൃത്വം നൽകി.

**സഹമിത്ര**

സഹമിത്ര ഭിന്നശേഷിക്കാരുടെ സ്ഥിതിവിവരങ്ങൾ digitalizeചെയ്യുന്ന പ്രക്രിയയിൽ തിരുവമ്പാടി അൽഫോൻസ കോളേജിലെ 100 NSS Volunteers പങ്കുചേർന്നു.

**ഫാ. മാത്യു കൊല്ലംപറമ്പിൽ**
അഡ്മിനിസ്ട്രേറ്റർ

# എയ്ഡർ എഡ്യൂക്കെയർ

**മഞ്ഞക്കുന്ന് പ്രകൃതിദുരന്ത മേഖലയിൽ മൂന്നാംഘട്ട കൗൺസിലിംഗ് സംഘടിപ്പിച്ചു**

മഞ്ഞക്കുന്ന് ഇടവകയിലെ തുടർ കൗൺസിലിംഗ് ആവശ്യമായ 15 കുട്ടികൾക്ക് വേണ്ടി സെപ്റ്റംബർ ഏഴാം തീയതിയാണ് കൗൺസിലിംഗ് സൗകര്യമൊരുക്കിയത്. സി. ജിനു എം. എസ്. ജെ. നേതൃത്വം നൽകി. ഫാ. ടിൻസ്, സി. ജെൻസി എഫ് സി സി വേണ്ട ക്രമീകരണങ്ങൾ നൽകി.

**ടീം ഫോർമേഷൻ ക്യാമ്പ്**

എയ്ഡർ എഡ്യുകെയർ ടീം അംഗങ്ങളായ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് വേണ്ടി സെപ്റ്റംബർ 4, 5 തീയതികളിൽ പി എം ഒ സിയിൽ വച്ച് ദ്വിദിന ഫോർമേഷൻ സംഘടിപ്പിച്ചു. ഓണ അവധിക്ക് സംഘടിപ്പിക്കുന്ന ലൈഫ് ലോഞ്ച്, കോംപ്രഹെൻസീവ് ക്രാഷ്കോഴ്സ് എന്നീ പ്രോഗ്രാമുകൾക്കായുള്ള അടിസ്ഥാന ഒരുക്കങ്ങൾ നടത്തി. ഗവൺമെന്റ് ഒഫീഷ്യൽ കരിയർ ഗൈഡറായ ശ്രീ. റെജി കുന്നമംഗലം രണ്ടു മണിക്കൂർ നീണ്ട കരിയർ ഓറിയന്റേഷൻ നൽകി.

**ലൈഫ് ലോഞ്ച് ചെമ്പനോട ക്യാമ്പ്**

സെപ്റ്റംബർ 18, 19 തീയതികളിലായി ചെമ്പനോട മോൺ. റെയ്മണ്ട് സ്കൂളിൽ വച്ച് രണ്ടുദിവസത്തെ ലൈഫ് ലോഞ്ച് ട്രെയിനിങ് സംഘടിപ്പിച്ചു. ശ്രീ. ആന്റണി താമരശ്ശേരി, ശ്രീമതി. അനില എന്നിവർ നേതൃത്വം നൽകി. കൂരാച്ചുണ്ട്, മരുതോങ്കര ഫൊറോനകളിൽ നിന്നായി 31 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ

ശ്രീ. ബോണി ജേക്കബ് കരിയർ സംബന്ധമായ ക്ലാസ് നയിച്ചു. ഹീലിംഗ് സെഷൻസ്, മോട്ടിവേഷണൽ ക്ലാസുകൾ, ഗോൾ സെറ്റിംഗ്, ലീഡർഷിപ് ഡെവലപ്മെന്റ് സെഷൻസ്, സോഷ്യലൈസേഷൻ, ഫിസിക്കൽ എക്സസൈസ് എന്നിങ്ങനെ നിരവധി മേഖലകളിൽ ഫോർമേഷൻ നൽകി. ദിവ്യകാരുണ്യ ആരാധന, വിശുദ്ധ കുർബാന എന്നീ ആത്മീയ ചര്യകളും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ടീം മെമ്പേഴ്സ് ആയ സി. സജിനി, സി. സ്നേഹ, സി. സോന, സി. ടെസ്ന, സി. ക്രിസ്റ്റീന, സി. ടിസി എന്നിവർ ക്രമീകരണങ്ങൾ നടത്തി. ചെമ്പനോട ബഥനി കോൺവെന്റ് സുപ്പീരിയർ സി. വിനീത, കെ.സി. വൈ. എം വളണ്ടിയേഴ്സ് എന്നിവർ ആവശ്യമായ സഹായങ്ങൾ നൽകി.

## ലൈഫ് ലോഞ്ച് ലിസ കോളേജ് ക്യാമ്പ്

സെപ്റ്റംബർ 20, 21 തീയതികളായി താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി ലൈഫ് ലോഞ്ച് ട്രെയിനിങ് ക്യാമ്പ് കൈതപ്പൊയിൽ ലിസ കോളജിൽ സംഘടിപ്പിക്കപ്പെട്ടു. 26 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ ശ്രീ. റെജി കുന്നമംഗലം കരിയർ ഓറിയന്റേഷൻ നടത്തി. ലൈഫ് ആദ്യ ക്യാമ്പിലെ എല്ലാ സെഷൻസും രണ്ടാമത്തെ ക്യാമ്പിലും ഉൾപ്പെടുത്തിയിരുന്നു. ലിസ കോളേജ് പ്രിൻസിപ്പൽ ഫാ. നിജു സി. എസ്. ടി, ഫാ. അരുൺ സി. എസ്. ടി എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നൽകി.

## കോംപ്രെഹൻസിവ് ട്രെയിനിങ് പ്രോഗ്രാം - ഹിന്ദി, ഗണിതം

ആൽഫ മരിയ അക്കാദമിയുമായി സഹകരിച്ചുകൊണ്ട് അഞ്ചു ദിവസം നീണ്ടുനിന്ന കോംപ്രെഹൻസീവ് ഓറിയന്റേഷൻ ഫോർ ഹിന്ദി ആൻഡ് മാത്തമാറ്റിക്സ് പ്രോഗ്രാം സംഘടിപ്പിച്ചു. അദ്ധ്യാപകരായ ശ്രീ. ജസ്റ്റിൻ കുന്നമംഗലം, സി. മേഴ്സി എസ്.എച്ച്, ശ്രീമതി ഷേർലി അരീക്കൽ എന്നിവർ ഹിന്ദി ക്ലാസുകൾക്ക് നേതൃത്വം നൽകി. ശ്രീ. ബെന്നി വെള്ളയ്ക്കാകുടിയിൽ, ശ്രീ. ജസ്റ്റിൻ തൂമുള്ളിൽ, ശ്രീമതി മരിയ പുളിമൂട്ടിൽ എന്നിവർ ഗണിത ക്ലാസുകൾക്ക് നേതൃത്വം നൽകി. രണ്ട് ബാച്ചിലുമായി 31 കുട്ടികൾ പങ്കെടുത്തു. നാലുദിവസത്തെ ട്രെയിനിങ് ക്യാമ്പ് കുട്ടികൾക്ക് പുതിയ ഉണർവ് നൽകി. ആൽഫാ അക്കാദമി ഡയറക്ടർ ഫാ. അനീഷ് പുളിച്ചമാക്കൽ, ഫാ. ജിതിൻ പന്തലാടിക്കൽ, സി. ക്രിസ്റ്റീന എം.എസ്.എം.ഐ, സി. ടെസ്ന എം.എസ്.എം.ഐ. എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# ഫാമിലി അപ്പോസ്തോലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2024**

ഒക്ടോബർ 10 - 12

നവംബർ 7 - 9

ഡിസംബർ 12 - 14

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8075935240 (WhatsApp)

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്

# കരുണാഭവൻ

ഏതാനും ഇടവകകളിൽ നിന്നും സംഘടനക്കാരും കുട്ടികളും വികാരിയച്ചന്മാരോടൊപ്പം കരുണാഭവൻ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. സ്കൂൾ കുട്ടികൾ അധ്യാപകരോടൊപ്പം കരുണാഭവൻ സന്ദർശിച്ച് പരിപാടികൾ അവതരിപ്പിക്കുകയും ഭക്ഷണം നൽകുകയും ചെയ്തു.

ജന്മദിനം, വിവാഹവാർഷികം, മരണവാർഷികം തുടങ്ങിയവയോടനുബന്ധിച്ച് കുടുംബങ്ങൾ കരുണാഭവൻ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.

ഓണത്തോടനുബന്ധിച്ച് വിവിധ സംഘടനകൾ ഇവിടം സന്ദർശിച്ച് പരിപാടികൾ അവതരിപ്പിക്കുകയും ഭക്ഷണം നൽകുകയും ചെയ്തു. കരുണാഭവനിലെ ഒരു അന്തേവാസി ഭാഗ്യമരണം പ്രാപിച്ചു. എട്ടുനോമ്പിനോടനുബന്ധിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും സമാപനദിവസം ജപമാല പ്രദക്ഷിണം നടത്തുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# കുടുംബകൂട്ടായ്മ

1. എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും ഫൊറോന രൂപതാ ഭാരവാഹികളും രൂപതാദ്ധ്യക്ഷന്റെ സാന്നിധ്യത്തിൽ ഒത്തുചേരുകയും വാർഷികസമ്മേളനം (2023-24) നടത്തുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള മികച്ച കുടുംബകൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ വിദഗ്ധസമിതി വിലയിരുത്തുകയും, പൊതുവായ കാര്യങ്ങൾ ചർച്ചചെയ്യുകയും, വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

2. രൂപതാ - ഫൊറോന തലങ്ങളിൽ വാർഷിക പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച കുടുംബകൂട്ടായ്മകളെ തിരഞ്ഞെടുത്തു. ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുടുംബ കൂട്ടായ്മകൾ:

ഒന്നാം സമ്മാനം: മാങ്കാവ് ഇടവക, സെന്റ് ആന്റണീസ് യൂണിറ്റ്

രണ്ടാം സമ്മാനം: കട്ടിപ്പാറ ഇടവക, ഏദൻ യൂണിറ്റ്

മൂന്നാം സ്ഥാനം: തിരുവമ്പാടി ഇടവക, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

3. രൂപത ഡയറക്ടർ ഓരോ ഞായറാഴ്ചകളിലും വിവിധ ഇടവകകൾ സന്ദർശിച്ച് കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കുടുംബ കൂട്ടായ്മകൾ ശക്തിപ്പെടുത്തേ തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് എടുക്കുകയും ചെയ്യുന്നു. ഈ കഴിഞ്ഞമാസം തേഞ്ഞിപ്പാലം, കൂടരഞ്ഞി, മഞ്ഞക്കടവ്, തേക്കുംകുറ്റി ഇടവകകൾ സന്ദർശിച്ചു.

4. ലോഗോസ് ക്വിസിന് ഒരുക്കമായി കുടുംബകൂട്ടായ്മകളിൽ ബൈബിൾ ക്വിസ് നടത്താൻ ആവശ്യമായ ചോദ്യാവലികൾ തയ്യാറാക്കി നൽകുകയും വിജയികൾക്ക് ഓരോ മാസവും ക്യാഷ് അവാർഡുകൾ നൽകുകയും ചെയ്യുന്നു.

5. ഓരോ മാസവും കുടുംബകൂട്ടായ്മകൾ നടത്തേണ്ട പ്രവർത്തന പദ്ധതികൾ കുടുംബകൂട്ടായ്മ രൂപതാ ഓഫീസിൽ നിന്നും തയ്യാറാക്കി നൽകുന്നു.

6. കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും അംഗങ്ങൾക്കും ഓൺലൈൻ പഠന പരമ്പരയിലൂടെ ഓരോ മാസവും വിവിധ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു.

7. കുടുംബകൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട പ്രാർത്ഥനപുസ്തകവും രജിസ്റ്റർബുക്കും ബിഷപ്സ് ഹൗസിലും, പി.എം.ഒ.സിയിലും സംലഭ്യമാണ്.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# പാലിയേറ്റീവ് & ജെറിയാട്രിക് കെയർ

1. തിരുവമ്പാടി, തോട്ടുമുക്കം ഫൊറോനകളിലെ എല്ലാ പള്ളികളിലും സന്ദർശനം നടത്തി പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തനങ്ങൾ വിലയിരുത്തി.

2. തിരുവമ്പാടി തോട്ടുമുക്കം ഫൊറോനകളിൽ പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തകരുടെ മേഖലാസംഗവും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു.

3. വിവിധ ഇടവകകളിൽ മുതിർന്ന പൗരന്മാരുടെ സംഗമങ്ങൾ നിശ്ചിത ഇടവേളകളിൽ നടക്കുന്നു. കൂടാതെ ജൂലൈ 28 ന് വിവിധ ഇടവകകളിൽ ഗ്രാൻഡ് പാരെന്റ്സ് ഡേയും ആഘോഷിച്ചു. ഈ കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകുന്ന വികാരിയച്ചന്മാർക്ക് അഭിനന്ദനങ്ങൾ.

4. ഒക്ടോബർ മാസം താമരശ്ശേരി രൂപതയിൽ വയോജന മാസമായി കൊണ്ടാടണമെന്ന് എല്ലാവരെയും ഓർമ്മപ്പെടുന്നു. അതിനായി വികാരിയച്ചന്മാരും പാലിയേറ്റീവ് ആൻഡ് ജെറിയാട്രിക് കെയർ പ്രവർത്തകരും മുൻകൈയെടുക്കേണ്ടതാണ്.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, പാലിയേറ്റീവ് & ജെറിയാട്രിക് കെയർ

# മാതൃവേദി

## വൈദിക ദിനം

വിശുദ്ധ ജോൺ മരിയയുടെ തിരുനാളിനോട് അനുബന്ധിച്ച് വൈദിക ദിനം ആഘോഷിക്കുകയും എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അന്നേദിവസം മാതൃവേദി ഡയറക്ടർ ഫാദർ ജോസുകുട്ടി അന്തീനാട്ടും രൂപത ഭാരവാഹികളും ചേർന്ന് ഈരൂട് പ്രീസ്റ്റ് ഹോം സന്ദർശിക്കുകയും ബഹുമാനപ്പെട്ട വൈദികർക്ക് ആശംസകൾ നേരുകയും ചെയ്തു.

## കേശദാനം

കേശദാനം സ്നേഹദാനം എന്ന പരിപാടിയിലൂടെ 100 പേർ തങ്ങളുടെ മുടി ക്യാൻസർ രോഗികൾക്ക് ദാനം ചെയ്തു.

## വചനം എഴുത്ത് മത്സരം

ഗ്ലോബൽ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

1. ആൻമേരി ചെറുമലർ, മഞ്ചേരി.
2. ആൻസി ജോർജ് തുണ്ടത്തിൽ, അമലാപുരി.
3. സീമ ജോർജ് വെട്ടുകല്ലേൽ, മലപ്പുറം.

## മാർഗംകളി മത്സരം

ഗ്ലോബൽ മാതൃവേദി നടത്തിയ മാർഗംകളി മത്സരത്തിന് താമരശ്ശേരി രൂപതയിൽ നിന്നും ഒന്നാം സ്ഥാനം കോടഞ്ചേരി ഇടവക മാതൃവേദി കരസ്ഥമാക്കി.

## അൽഫോൻസ സൂക്തമത്സരം

രൂപതാ തല വിജയികൾ

1 അഞ്ജു ജോമി കോട്ടനാൽ, ചെമ്പനോട, മരുതോങ്കര മേഖല

2 സോനു ജോമോൻ പഴയാങ്കൽ തേക്കുംകുറ്റി- തിരുവമ്പാടി മേഖല

2. ലിസമ്മ സെബാസ്റ്റ്യൻ പന്തല്ലൂർ- മലപ്പുറം മേഖല

3. ഷൈബി ആന്റപ്പൻ, തിരുവമ്പാടി- തിരുവമ്പാടി മേഖല

## വിലങ്ങാടിനായി കൈകോർത്ത് താമരശ്ശേരി രൂപത മാതൃവേദി അംഗങ്ങൾ

വിലങ്ങാട് ദുരിതാശ്വാസ നിധിയിലേക്ക് രൂപതയിലെ അമ്മമാർ 333550 രൂപ സമാഹരിച്ചു. സെപ്റ്റംബർ 20ന് അഭിവന്ദ്യ പിതാവിന് തുക കൈമാറി.

## സീറോ മലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡിയോഗം

സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ ജനറൽ ബോഡി യോഗം 2024 ജൂലൈ 29ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തപ്പെട്ടു സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാദർ ജോസുകുട്ടി അന്തീനാട്ടും, ആനിമേറ്റർ സിസ്റ്റർ ഷീന മേമനയും, പ്രസിഡന്റ് സ്വപ്ന ഗിരീഷും സെക്രട്ടറി ജസി സോജൻ, ട്രഷറർ ലുമിന ജിൽസും രജനി മാത്യു, സെനറ്റ് മെമ്പർ ആയ ബബിത അനു ജോസഫും, ഗ്ലോബൽ ട്രഷറായ സൗമ്യ സേവ്യറും പങ്കെടുത്തു.

### മേഖലാ സംഗമം

പെരിന്തൽമണ്ണ, പാറോപ്പടി, താമരശ്ശേരി, കൂരാച്ചുണ്ട്, തിരുവമ്പാടി എന്നിവിടങ്ങളിൽ മേഖലാ സംഗമം നടത്തി

### മഞ്ചേരി സെന്റ് ജോസഫ് ഇടവക സമ്പൂർണ്ണ മാതൃവേദി ഇടവക

7.9.2024 ശനിയാഴ്ച മഞ്ചേരി സെന്റ് ജോസഫ് ഇടവകയെ അഭിവന്ദ്യ പിതാവ് സമ്പൂർണ്ണ മാതൃവേദിയായി പ്രഖ്യാപിച്ചു. മഞ്ചേരി ഇടവകയ്ക്ക് അഭിനന്ദനങ്ങൾ.

**ഫാ. ജോസുകുട്ടി അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### മരിയൻ പ്രോ ലൈഫ് മൂവ്മെന്റ്

പുല്ലൂരാംപാറ ബഥാനിയ ധ്യാന സെന്ററിൽ വച്ച് നടത്തപ്പെടുന്ന അഖണ്ഡ ജപമാല സമർപ്പണത്തിൽ താമരശ്ശേരി രൂപത മരിയൻപ്രോ-ലൈഫ് മൂവ്മെന്റ് അംഗങ്ങൾ പങ്കെടുത്തു. തിരുവമ്പാടി കൂടരഞ്ഞി, ചെമ്പനോട പുല്ലൂരാംപാറ എന്നീ. സ്ഥലങ്ങളിൽ നിന്നായി നിരവധി ആളുകൾ ജപമാല സമർപ്പണത്തിനായി എത്തിച്ചേർന്നു. ഇരുപതാം തീയതി രാത്രി 9 മണി മുതൽ 11 മണി വരെയായിരുന്നു ജപമാല നടത്തപ്പെട്ടത്. മനുഷ്യജീവന് വിലകുറഞ്ഞു പോകുന്ന ഈ കാലഘട്ടത്തിൽ ലോകം മുഴുവനും ഉള്ള മനുഷ്യമക്കൾക്കുവേണ്ടി മാധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കുവാൻ ഈ ജപമാല സമർപ്പണം കാരണമായി.

### യൂദിത്ത് ഫോറം

മരിയാപുരം ഇടവകയിലെ യൂദിത്ത് ഫോറം അംഗങ്ങളുടെ സെപ്റ്റംബർ മാസത്തെ സംഗമം 07.09.2024 ന് പാരിഷ് ഹാളിൽ വെച്ച് നടന്നു. ഈ സംഗമത്തോടനുബന്ധിച്ച് ഇക്കൊല്ലത്തെ ഓണാഘോഷവും സ്ഥലം മാറിപോകുന്ന വികാരിയച്ചൻ ബ. ജെയിംസ് അച്ചന് യാത്രയയപ്പും നടത്തി. നാല്പത് യൂദിത് അമ്മമാരെ കൂടാതെ പള്ളി ട്രസ്റ്റിമാരും പിതൃവേദി ഭാരവാഹികളും അതിഥികളായി പങ്കെടുത്തു.ശ്രീമതി അന്നമ്മ മുട്ടത്ത് പ്രാർത്ഥന ചൊല്ലി. പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി കളപ്പുരക്കൽ സ്വാഗതം പറഞ്ഞു. ബഹു. ജെയിംസച്ചൻ അദ്ധ്യക്ഷം വഹിച്ചു. അസിസ്റ്റന്റ് വികാരി ബഹു. സിറിൽ സിറിയക് അച്ചൻ യോഗം ഉൽഘാടനം ചെയ്തു. ബഹു. സെബാസ്റ്റ്യൻ വടക്കേലച്ചൻ, ട്രസ്റ്റി ശ്രീ. ജോളി പുത്തൻപുരക്കൽ, പിതൃവേദി പ്രസിഡന്റ് ശ്രീ. വർഗീസ്, ശ്രീമതി സിസിലി വെട്ടം (യൂദിത് ഫോറം മുൻപ്രസിഡന്റ്) എന്നിവർ ആശംസകൾ നേർന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം മലബാർ മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ്

തലശ്ശേരി: മലബാർ മേഖല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി സന്ദേശ ഭവനിൽ വച്ച് സെപ്റ്റംബർ 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. താമരശ്ശേരി രൂപതയിൽനിന്നും ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കെ.സി.വൈ.എം എസ്.എം.വൈ.എം

## മേഖല കലോത്സവങ്ങൾ യുവ'24

ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 14 വരെയുള്ള വിവിധ ദിവസങ്ങളിൽ മേഖല കലോത്സവങ്ങൾ നടത്തപ്പെട്ടു.

## ജപമാല നിർമ്മാണ മത്സരം

പരിശുദ്ധ അമ്മയുടെ ജന്മദിനം പ്രാർത്ഥനയോടെ ആഘോഷപൂർണ്ണമാക്കാനായി സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള നോമ്പ് ദിനങ്ങളിൽ അമ്മമാർക്കായി പ്രാർത്ഥിക്കുന്നതിനോടൊപ്പം ജപമാല നിർമ്മാണ മത്സരവും സംഘടിപ്പിക്കപ്പെട്ടു.

## സ്നേഹപൂർവ്വം കെ.സി.വൈ.എം.

തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 31, ശനിയാഴ്ച കോഴിക്കോട് ഗവ.മെഡിക്കൽ കോളേജ് അങ്കണത്തിൽ വെച്ച് 1010 പൊതിച്ചോറുകൾ വിതരണം ചെയ്തു.

## അമ്മയരികെ

എട്ട് നോമ്പിനോടനുബന്ധിച്ച് നമ്മുടെ അമ്മമാർക്കായി പ്രാർത്ഥിക്കാനായി 'അമ്മയരികെ' സംഘടിപ്പിക്കപ്പെട്ടു. പരിശുദ്ധ അമ്മയുടെ ജനന തിരുനാളിന് ഒരുക്കമായുള്ള എട്ട് നോമ്പ് ദിനങ്ങളിൽ ഇടവക പള്ളിയിലെ വി. കുർബാനയിൽ പങ്കെടുക്കുവാനും ഈ ദിവസങ്ങളിൽ കുടുംബങ്ങളിലെ സന്ധ്യാപ്രാർത്ഥനകൾ മുടക്കാതിരിക്കാൻ പരിശ്രമിക്കാനും യുവജനങ്ങളെ ആഹ്വാനം ചെയ്തു.

## അമ്മയോടൊപ്പം യുവജനങ്ങൾ  ജപമാല സന്ധ്യ

എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് എസ്.എം.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അമ്മയോടൊപ്പം യുവജനങ്ങൾ എന്ന ജപമാല യജ്ഞത്തിന്റെ 2-ാം ദിനത്തിൽ പഠനത്തിനും തൊഴിലിനും ആയി വിദേശത്ത് ആയിരിക്കുന്ന യുവജനങ്ങൾക്ക് വേണ്ടി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ഇടുക്കി രൂപതയുമായി ചേർന്നു ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മരിയൻ സന്ദേശം നൽകി യുവജനങ്ങളെ ആശീർവദിച്ചു.

## ബാഡ്മിന്റൺ ടൂർണമെന്റ് ലോഗോ പ്രകാശനം നടത്തി

കെ.സി.വൈ.എം. - എസ്.എം.വൈ.എം. താമരശ്ശേരി രൂപത സംഘടിപ്പിക്കുന്ന മാർ പോൾ ചിറ്റിലപ്പിള്ളി സ്മാരക മലബാർ മേഖല ബാഡ്മിന്റൺ ടൂർണമെന്റിന്റെ ലോഗോ സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലിന് കൈമാറി പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി അലീന മാത്യു, വൈസ് പ്രസിഡന്റ് അലൻ ബിജു, എക്സിക്യൂട്ടീവ് അംഗം എബിൻ തോമസ്, താമരശ്ശേരി മേഖല പ്രസിഡന്റ് അഞ്ചൽ കെ. ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

## കലോത്സവ ലോഗോ പ്രകാശനം നടത്തി

സെപ്റ്റംബർ 21, ശനിയാഴ്ച കൂടത്തായി സെന്റ് മേരീസ് സ്കൂളിൽ വെച്ച് നടക്കുന്ന താമരശ്ശേരി രൂപതാ യുവജന കലോത്സവം യുവ '24 ന്റെ ഔദ്യോഗിക ലോഗോ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രകാശനം ചെയ്തു.

## യുവ '24 യുവജന കലോത്സവം

സെപ്റ്റംബർ 10 മുതൽ കലോത്സവത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ നടത്തി. കെ.സി.ബി.സി. യുവജന വർഷമായി 2024 ആഘോഷിക്കുന്നതിന്റെ ഭാഗമായി താമരശ്ശേരി രൂപതയുടെ യുവജന കലോത്സവത്തിൽ ഈ വർഷം അവതരിപ്പിക്കുന്ന സ്പെഷ്യൽ വ്യക്തിഗത ഇനമായ റീൽ മേക്കിങ് സെപ്റ്റംബർ 14 മുതൽ 16, മത്സരാർഥികൾക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാൻ അവസരമൊരുക്കി.

സെപ്റ്റംബർ 21 ന് Lets rebuild Vilangad എന്ന ആശയുവമായി കൂടത്തായി സെന്റ് മേരീസ് ഹൈസ്ക്കൂളിൽ വെച്ച് രൂപതാ യുവജന കലോത്സവം സംഘടിപ്പിക്കപ്പെട്ടു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ്ജോൺ അദ്ധ്യക്ഷം വഹിച്ചു സംസാരിച്ച സമ്മേളനം കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, പ്രേംജി ജെയിംസ് ഉദ്ഘാടനം ചെയ്തു. വിലങ്ങാടിലെ ദുരിതബാധിതർക്ക് വേണ്ടി ശേഖരിച്ച 6,42,210

തുക രൂപത പ്രസിഡന്റും ഡയറക്ടർ അച്ചനും ചേർന്നു ചടങ്ങിന്റെ മുഖ്യാഥിതിയായിരുന്ന രൂപത പ്രൊകുറേറ്റർ ഫാ. കുര്യാക്കോസ് മുകാലയിലിന് കൈമാറി. രൂപതാ ഡയറക്ടർ ഫാ. ജോബിൻ തേക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യു, സ്കൂൾ മാനേജർ ഫാ. ബിബിൻ മഞ്ചപ്പള്ളി, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്, താമരശ്ശേരി മേഖല പ്രസിഡന്റ് അഞ്ചൽ കെ. ജോസഫ്, കൂടത്തായി യൂണിറ്റ് പ്രസിഡന്റ് ജോഫിൻ, കലോത്സവ കോ-ഓർഡിനേറ്റർ ആഗി മരിയ ജോസഫ് എന്നിവർ സംസാരിച്ചു. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കലോത്സവ വേദി സന്ദർശിക്കുകയും രചനാ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 9 മേഖലകളിൽ നിന്നായി 600 ഓളം യുവജനങ്ങൾ പങ്കെടുത്ത കലോത്സവത്തിൽ 276 പോയിന്റുകളുമായി മരുതോങ്കര മേഖല ഒന്നാം സ്ഥാനവും, 229 പോയിന്റുകളുമായി തിരുവമ്പാടി മേഖല രണ്ടാം സ്ഥാനവും, 210 പോയിന്റുകളുമായി കോടഞ്ചേരി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### നാമഹേതുക തിരുനാൾ

സെപ്റ്റംബർ 21 വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ഏറ്റവും പ്രിയപ്പെട്ട രൂപതാ യുവജന പ്രസ്ഥാനത്തിന്റെ ഡയറക്ടർ മാത്യു തേക്കേക്കരമറ്റത്തിൽ അച്ചനും, അസിസ്റ്റന്റ് ഡയറക്ടർ മാത്യു തൂമുള്ളിൽ അച്ചനും രൂപത യുവജന കുടുംബത്തിന്റെ നാമഹേതുക തിരുനാൾ മംഗളങ്ങൾ നേർന്നു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം - എസ്.എം.വൈ.എം

## കമ്മ്യൂണിക്കേഷൻ മീഡിയ

### മലബാർ വിഷൻ സെപ്റ്റംബർ ഒക്ടോബർ ലക്കം

മലബാർ വിഷൻ സെപ്റ്റംബർ, ഒക്ടോബർ ലക്കം സെപ്റ്റംബർ ആദ്യ വാരം തന്നെ വിതരണം പൂർത്തിയാക്കി. ശാലോം മിനിസ്ട്രികളുടെ സ്ഥാപകനായ ഷെവ. ബെന്നി പുന്നത്തറയാണ് കവർ സ്റ്റോറി എഴുതിയത്. 'മറിയം: ക്രിസ്തീയ പ്രത്യാശയുടെ മാതൃക' എന്നതായിരുന്നു വിഷയം.

അധ്യാപനം കരിയറാക്കാനുള്ള വിവിധ കോഴ്സുകളെക്കുറിച്ചും കേന്ദ്രസംസ്ഥാന സർക്കാരുകൾ നൽകുന്ന ക്ഷേമ പദ്ധതികളെക്കുറിച്ചും ഈ ലക്കത്തിൽ നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് യോജനയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ദൈവവിളി പരിപോഷണം, മിഷൻ മാസം എന്നിവയുമായി ബന്ധപ്പെട്ടലേഖനങ്ങളും ഇത്തവണ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രൂപതാ

വാർത്തകളും പതിവ് പംക്തികളും വായനയുടെ ആസ്വാദ്യത പകരുന്നു.

**വരിസംഖ്യ**

മലബാർ വിഷൻ വരിസംഖ്യ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുമല്ലോ. വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാനുള്ള അക്കൗണ്ട് വിവരങ്ങൾ താഴെ നൽകുന്നു.

Account Number: 120026042737 Name: Alphonsian Media Truts

Bank: Canara, Vellimadkunnu Br. IFSC Code: CNRB0000839

**ഫാ. സിബി കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

---

# കരിസ്മാറ്റിക് മൂവ്മെന്റ്

**ഗ്രാൻറ് കോൺഫ്രൻസ്**

കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം, കോഴിക്കോട് സോൺ 2024 ആഗസ്റ്റ് 26,27,28 തീയതികളിൽ പുല്ലൂരാംപാറ ബഥാനിയ ധ്യാന സെന്ററിൽ വച്ച് നടത്തിയ ഗ്രാൻറ് കോൺഫ്രൻസ് 2024 വിജയത്തിന്റെ പിന്നിൽ അധ്വാനിച്ച എല്ലാവർക്കും സോണൽ സർവീസ് ടീമിൻെറ പ്രാർത്ഥനാശംസകളും നന്ദിയും അറിയിക്കുന്നു.

ജപമാലയും സ്തുതി ആരാധനയോടും കൂടെ ആരംഭിച്ച ഗ്രാന്റ് കോൺഫ്രൻസിന് സോണൽ ആനിമേറ്റർ ഫാ.ഡോമിനിക് കുഴിവേലിൽ ആമുഖ സന്ദേശം നൽകുകയും, വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്യുകയും, വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും ചെയ്തു.

ശ്രീ ഷാജി വൈക്കത്ത് പറമ്പിൽ (CNSC മെമ്പർ) ബ്ര. സീറ്റ്ലി ജോർജ് (ചെയർമാൻ, ഫിയാത്ത് മിഷൻ) ഫാ. ജോസഫ് താമരവെളി (കോഡിനേറ്റർ, KCSC) എന്നിവർ ആദ്യദിനത്തിലെ ക്ലാസുകൾക്ക് നേതൃത്വം നൽകി.

രണ്ടാം ദിനത്തിൽ കോഴിക്കോട് രൂപതയുടെ മെത്രാനും കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനുമായ റവ. ഡോ. വർഗീസ് ചക്കാലക്കൽ പിതാവിന്റെ സാന്നിധ്യവും പ്രഭാഷണവും അനുഗ്രഹപ്രദമായിരുന്നു. ഫാ. സായി പാറൻകുളങ്ങര (മുൻ സോണൽ ആനിമേറ്റർ) വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഫാ. ഡൊമിനിക് കുഴിവേലിൽ (സോണൽ ആനിമേറ്റർ)

സി. ടെസ്സിൽ എം.എസ്.എം.ഐ. (വൈ. പ്രൊവിൻഷ്യൽ, കണ്ണൂർ) ശ്രീ. സൈമൺ നെടുംകൊമ്പിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. രണ്ടാം ദിവസം നടന്ന പാനൽ ചർച്ചയ്ക്ക് ശ്രീ. സന്തോഷ് തലച്ചിറ (കെ.സി .എസ്.സി. കോഡിനേറ്റർ) നേതൃത്വം നൽകി. ഫാ. സൈമൺ വെള്ളോപ്പിള്ളി (മുൻ സോണൽ ആനിമേറ്റർ) സി. എൽസിസ് മാത്യു എം.എസ്.എം.ഐ. എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു.

മൂന്നാം ദിനം ഫാ. ഡോമിനിക് കുഴിവേലിൽ (സോണൽ ആനിമേറ്റർ) വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ശ്രീ. ജോയ് ആൻറണി (മുൻ സി.എൻ. എസ്.സി. ചെയർമാൻ) മുഖ്യപ്രഭാഷണം നടത്തി. ഫാ. ബിനു പുളിക്കൽ (ഡയറക്ടർ, ബഥാനിയ റിന്യൂവൽ സെൻറർ) വചനസന്ദേശം നൽകുകയും ആരാധനയും അഭിഷേകപ്രാർത്ഥനയും നടത്തുകയും ചെയ്തു.

ഗ്രാൻഡ് കോൺഫ്രൻസിന്റെ വിജയത്തിനായി അധ്വാനിച്ച സാജൻ അറക്കപറമ്പിൽ, സി.സി. മത്തായി ചക്കുന്നുംപുറത്ത്, അഗസ്റ്റിൻ മഠത്തിൽ, ജോൺസൺ തുണ്ടത്തിൽ, ഷാജു കാഞ്ഞിരത്തിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാ കമ്മിറ്റി അംഗങ്ങൾക്കും ബഥാനിയായ്ക്കും നന്ദി.

### ജൂബിലേവൂസ് 2024

സുവർണ്ണജൂബിലി സഹസ്രദിന ഒരുക്ക ഉപവാസ പ്രാർത്ഥന – ജൂബിലേവൂസ് 2024 സെപ്റ്റംബർ 20 ന് രാവിലെ 9.30 മുതൽ 3.30 വരെ മലപ്പുറം സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് നടന്നു. ഫാ. ജീവൻ വർഗ്ഗീസ് (ഡയറക്ടർ, മരിയ ഭവൻ റിട്രീറ്റ് സെന്റർ), ഫാ. സുദീപ് കിഴക്കരക്കാട്ട് (ആനിമേറ്റർ, മലപ്പുറം സബ്സോൺ), എന്നിവർ വചനസന്ദേശം നൽകി. സബ്സോണിന്റെ നേതൃത്വത്തിൽ ജപമാലയും സ്തുതി ആരാധനയും നടത്തി. സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ മധ്യസ്ഥപ്രാർത്ഥന നടത്തി. ജൂബിലേവൂസിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ ഫാ. സുദീപ് കിഴക്കരക്കാട്ട്, മോൺ. വിൻസെന്റ് അറയ്ക്കൽ (മലപ്പുറം ഫൊറോന വികാരി), ഡോ. ഫ്രാൻസീസ് ആറാടൻ (സബ്സോൺ കോർഡിനേറ്റർ, സോണൽ സർവ്വീസ് ടീം മെമ്പർ) എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ജീസസ്സ്യൂത്ത്

പൂക്കിപ്പറമ്പ് ബസ് ദുരന്തത്തിൽ മരണപ്പെട്ട കോഴിക്കോട് സോണിലെ മിഷണറിമാരായ 5 സഹോദരങ്ങളുടെ ഓർമ്മക്കായി അവരുടെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പണിത് നല്കാൻ പോകുന്ന 5 വീടുകളിൽ 4 എണ്ണത്തിന്റെ തറക്കല്ലിടലും ആശീർവാദവും വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ, ഫാ. മാത്യു കണ്ടശാംകുന്നേൽ, ഫാ. അഗസ്റ്റിൻ കണിവേലിൽ C.M.I, ഫാ. ബിനീഷ് കിഴക്കേപ്പുരക്കൽ C.M.I എന്നീ വൈദികരുടെ നേതൃത്വത്തിൽ സെപ്റ്റംബർ 1 ന് നടന്നു.

കോഴിക്കോട് സോൺ കിഡ്സ് ടീമിന്റെ നേതൃത്വത്തിൽ 'ബൈബിൾ ബഡീസ്' എന്ന പേരിൽ മുക്കം സേക്രഡ് ഹാർട്ട് പള്ളിയിൽ വച്ച് 10.30 മുതൽ 12.15 വരെ അവിടുത്തെ മതബോധന വിദ്യാർത്ഥികൾക്കായി പ്രോഗ്രാം നടന്നു.

പരിശുദ്ധ മാതാവിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ച്കോഴിക്കോട് സോൺ ഇന്റർസെഷൻ ടീമിൻറെ നേതൃത്വത്തിൽ 8 ദിവസം ഗൂഗിൽ മീറ്റ് വഴി രാത്രി 8 മണിക്ക് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാതാവിന്റെ 8 പ്രത്യക്ഷീകരണങ്ങളെ പരിചയപ്പെടുത്തുന്ന പോസ്റ്ററുകളും ടീം ഈ ദിവസങ്ങളിൽ തയ്യാറാക്കി അയച്ചിരുന്നു.

നേഴ്സസ് മിനിസ്ട്രി 8 നോമ്പിലെ 8 ദിവസവും 'അമ്മയ്ക്കൊരു താരാട്ട്' എന്ന പേരിൽ പ്രാർത്ഥനയും പ്രവർത്തനവുമായി ഒരുങ്ങി. സെപ്റ്റംബർ 8 ന് 4pm മുതൽ 6pm വരെ ദേവഗിരി MCBS ആശ്രമത്തിൽ വച്ച് അവർ സോണൽ തലത്തിൽ 'Happy Birthday Mamma Mary' എന്ന പേരിൽ ഒന്നിച്ച് കൂടി അമ്മയുടെ പിറന്നാൾ ആഘോഷിച്ചു.

പ്രൊഫഷണൽ മിനിസ്ട്രി കൂട്ടായ്മ സെപ്റ്റംബർ 8 ന് 4 pm മുതൽ 5 pm വരെ MCBS ചാപ്പലിൽ നടന്നു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, ജീസസ്സ്യൂത്ത്

# ബഥാനിയ ധ്യാനകേന്ദ്രം

## അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും

ഒക്ടോബർ 26-ാം തീയതി സമാപിക്കുന്ന അഖണ്ഡജപമാല സമർപ്പണം പകലും രാത്രിയും നിരന്തരമായി മുഴുങ്ങുന്ന നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയാൽ കടന്നുവരുന്ന സകലരേയും സ്വർഗ്ഗീയ ആനന്ദത്തിലേക്ക് നയിക്കുന്നു. പരി. അമ്മയുടെ തിരുസ്വരൂപത്തിന് മുമ്പിൽ ലക്ഷക്കണതിന് നിയോഗങ്ങളാണ് ഇതിനകം സമർപ്പിക്കപ്പെട്ടിരിക്കുന്നത്. വി. കുമ്പസാരത്തിനായി ഒരുങ്ങി നിൽക്കുന്നവരുടെ നീണ്ടനിര എല്ലാ ദിവസവും ഇവിടെ കാണാൻ കഴിയുന്നു. കുടുംബങ്ങളുടെ വിശുദ്ധീകരണവും ലോകസമാധാനവും പ്രത്യേക നിയോഗങ്ങളായി സമർപ്പിച്ച് പ്രാർത്ഥിക്കുന്ന അഖണ്ഡജപമാലയിൽ സംബന്ധിക്കുവാൻ പ്രായഭേദ്യമെന്യേ ഒത്തിരി വിശ്വാസികൾ ഇവിടെ കടന്നുവന്ന് അനുഗ്രഹം പ്രാപിക്കുന്നു.

ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും ദിവ്യബലിയുണ്ട്. എല്ലാ ദിവസവും സ്പിരിചൽ ഷെയറിങ്ങ് ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ദിവസവും പുലർച്ചെ 3 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും കരുണകൊന്തയും വി. കുരിശിന്റെ വഴി പ്രാർത്ഥനയുമുണ്ട്. ജപമാലയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ദിവസവും ഉച്ചയ്ക്കും രാത്രിയിലും നേർച്ച ഭക്ഷണം നൽകുന്നുണ്ട്.

## 100-ാം ദിന പ്രത്യേക ശുശ്രൂഷകൾ

അഖണ്ഡജപമാലയുടെ നൂറാംദിവസമായ ഒക്ടോബർ 25-ാം തീയതി വെള്ളിയാഴ്ച സാധാരണ ശുശ്രൂഷകൾക്ക് പുറമേ പ്രത്യേക ശുശ്രൂഷയും ഒരുക്കിയിരിക്കുന്നു. അന്ന് വൈകിട്ട് 6.30 ന് കത്തിച്ച മെഴുകുതിരികളുമേന്തി ആയിരങ്ങൾ അണിനിരക്കുന്ന ജപമാല റാലിക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നേതൃത്വം നൽകുന്നു. തുടർന്ന് 7 മണിക്ക് അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയ്ക്ക് പുല്ലൂരാംപാറ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ കാർമികത്വം വഹിക്കുന്നു.

### *സമാപനദിന ശുശ്രൂഷകൾ*

3 am – കരുണകൊന്ത, കുരിശിന്റെ വഴി
4 am – ആരാധന, ജപമാല തുടരുന്നു
6 am – വി. കുർബാന
7 am – ആരാധന, ജപമാല തുടരുന്നു

10.30 am - സമാപന ജപമാല
11 am - ആഘോഷമായ വി. കുർബാന
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
12.30 pm - ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം
1.30 pm - നേർച്ചഭക്ഷണം

### ധ്യാനങ്ങൾ

സെപ്റ്റംബർ മാസം താമസിച്ചുള്ള രണ്ട് ധ്യാനങ്ങൾ ഉണ്ടായിരുന്നു. 6-ാം തീയതി മുതൽ 9-ാം തീയതിവരെയും 27-ാം തീയതി മുതൽ 30-ാം തീയതി വരെയുമായിരുന്നു ധ്യാനങ്ങൾ നടത്തിയത്. സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷ എല്ലാ അധികാരത്തോടും അഭിഷേകത്തോടുംകൂടി നടത്തപ്പെടുന്ന ധ്യാനങ്ങളിൽ ധാരാളം പേർ പങ്കെടുക്കുന്നു.

വെള്ളിയാഴ്ച വൈകുന്നേരം ആരംഭിക്കുന്ന ധ്യാനം തിങ്കളാഴ്ച ഉച്ചയോടെയാണ് സമാപിക്കുന്നത്. ഈ മാസത്തെ എല്ലാ ധ്യാനങ്ങളും ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കലാണ് നയിച്ചത്.

### ഏകദിന കൺവെൻഷൻ

ഈ മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷൻ നടന്നു. അഖണ്ഡജപമാല പ്രാർത്ഥനകൾ നടക്കുന്നതുകൊണ്ട് വിശ്വാസിസമൂഹത്തിന്റെ വലിയ പങ്കാളിത്തമാണ് ഈ ദിവസങ്ങളിൽ കാണപ്പെടുന്നത്. രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ വി. കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, സൗഖ്യശുശ്രൂഷ, വി. കുമ്പസാരം, വി. കുർബാന, വചനസന്ദേശം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

### സ്പിരിചൽ ഷെയറിങ്ങ്

അഖണ്ഡ ജപമാലയുടെ ഭാഗമായി ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിചൽ ഷെയറിങ്ങ് ഉണ്ടായിരുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടക്കുന്ന ശുശ്രൂഷയിൽ ഓരോ ദിവസവും ധാരാളം പേർ പങ്കെടുക്കുന്നു. പ്രത്യേകം പരിശീലനം ലഭിച്ച സിസ്റ്റേഴ്സും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

### വി. കുമ്പസാരം

എല്ലാ ദിവസവും രാവിലെ 7 മണി മുതൽ രാത്രി 8 മണിവരെ വി. കുമ്പസാരം ഉണ്ടായിരുന്നു. നൂറുകണക്കിന് ആളുകളാണ് ഓരോ ദിവസവും കുമ്പസാരിച്ച് പോയത്.

## മധ്യസ്ഥപ്രാർത്ഥന

ഈ മാസം എല്ലാ ദിവസവും മധ്യസ്ഥപ്രാർത്ഥന ഉണ്ടായിരുന്നു. ബഥാനിയായിലെ ശുശ്രൂഷകൾക്കുവേണ്ടിയും പങ്കെടുക്കുന്നവർക്കുവേണ്ടിയും നിരന്തരമായി പ്രാർത്ഥിക്കുന്ന വലിയൊരു മധ്യസ്ഥപ്രാർത്ഥനാ കൂട്ടായ്മ ബഥാനിയായിലുണ്ട്. വിവിധ ചാപ്പലുകളിലായി നടക്കുന്ന മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നത് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്.

## ഒക്ടോബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 5 ശനി | - | അഖണ്ഡജപമാല സമർപ്പണം 80-ാം ദിവസം |
| 11 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (11-14) |
| 15 ചൊവ്വ | - | അഖണ്ഡജപമാല സമർപ്പണം 90-ാം ദിവസം |
| 18 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 25 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | അഖണ്ഡജപമാല സമർപ്പണം 100-ാം ദിവസം |
| | | 6.30pm മെഴുകുതിരി പ്രദക്ഷിണം |
| 26 ശനി | - | അഖണ്ഡജപമാല സമർപ്പണം സമാപനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി

## LDS ട്രെയിനിങ്ങ് ടീം - എയ്ഞ്ചൽ ഫെസ്റ്റ്

ഇടവകകളിലെ മതബോധന വിദ്യാർഥികൾക്കായി LDS നടത്തുന്ന എയ്ഞ്ചൽ ഫെസ്റ്റ് കരികണ്ടൻപാറ സെന്റ് ജോസഫ്സ് ഇടവകയിൽ നടന്നു. LDS ട്രെയിനർമാരായ വിൽസൺ ചിറ്റാട്ടുവടക്കേൽ, സന്ദീപ് കളപ്പുരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

## നഴ്സിംഗ് കോളേജ് സെമിനാർ

LDS ടീമിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിലെ KNN, ഹസ്സനിലെ NDRK, നിസർഗ്ഗ, മൈസൂരിലെ സെന്റ് ജോസഫ്, വിദ്യാവികാസ്, കാവേരി, BGS അപ്പോളോ നഴ്സിംഗ് കോളേജുകളിൽ വിദേശ ജോലി സാധ്യതകളെക്കുറിച്ച് സെമിനാർ നടത്തി.

ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, ട്രെയിനർമാരായ സന്ദീപ് കളപ്പുരക്കൽ, ഷിനോജ് പിസി, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

## പബ്ലിക് സ്പീക്കിങ്ങ് ട്രെയിനിങ്ങ്

ദീപിക ബാലസഖ്യം, കാലിക്കറ്റ് സിറ്റി മേഖല ചേവായൂർ പ്രസന്റേഷൻ സ്കൂളിൽവെച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ പബ്ലിക് സ്പീക്കിങ്ങ് ട്രെയിനിങ്ങ് പ്രോഗ്രാമിൽ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, മാത്യു മേൽവെട്ടം, വിൽസൻ ചിറ്റാട്ടുവടക്കേൽ, സന്ദീപ് കളപ്പുരക്കൽ എന്നിവർ ക്ലാസുകൾ എടുത്തു.

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 50ഓളം ഹയർ സെക്കണ്ടറി സ്കൂളുകൾ സന്ദർശിച്ച് കരിയർ ഗൈഡൻസ് സെമിനാറിന് വേണ്ട ക്രമീകരണം നടത്തി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# വികസന വേദി

## ഓണാഘോഷ പരിപാടികൾ

സെപ്റ്റംബർ 12 ന് MMPC ഹാളിൽ വച്ച് സി.ഒ.ഡി. യുടെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. സി.ഒ.ഡി.യുടെ വിവിധ ഡിപ്പാർട്ട് മെന്റുകളായ LDS, മദർ തെരേസ IELTS & OET സെന്റർ ജീവനക്കാർ, പാരിഷ് കോർഡിനേറ്റർസ് എന്നിവർ പങ്കെടുത്തു. സി.ഒ.ഡി. ഡയറക്ടർ ഫാ. സായി പാറൻ കുളങ്ങരയുടെ അധ്യക്ഷതയിൽ ബിഷപ്പ് മാർ റെമിജിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. പിതാവ് എല്ലാവർക്കും ഓണസമ്മാനം നല്കി. ഓണമത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ഓണസദ്യയും ഉണ്ടായിരുന്നു.

ഗ്രാമവികസന സമിതികൾ, മഹിളാ സമാജങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. അതാത് ഏരിയ കോർഡിനേറ്റർസ് നേതൃത്വം നല്കി.

## സ്റ്റാഫ് ട്രെയിനിങ് പ്രോഗ്രാം

അൽഫോൻസാ ട്രെയിനിങ് ഹാളിൽ വച്ച് സെപ്റ്റംബർ മാസത്തെ സ്റ്റാഫ് ട്രെയിനിങ് പ്രോഗ്രാം നടത്തപ്പെട്ടു.ഇഛഉ ഡിറക്ടർ ഫാ. സായി ഓറിയന്റേഷൻ ക്ലാസ് എടുത്തു. തുടർന്ന് ട്രൈനേഴ്സ് ആയ അഗസ്റ്റിൻ ജോയ് & മിസ്സിസ് അനില അഗസ്റ്റിൻ എന്നിവരുടെ നേതൃത്വത്തിൽ ട്രെയിനിങ് ക്ലാസ് നടത്തി. സി.ഒ.ഡി.യുടെ വിവിധ ഡിപ്പാർട്മെന്റുകളിൽപെട്ട ജീവനക്കാർ പങ്കെടുത്തു.

## എസ്.എച്ച്.ജി./ജെ.എൽ.ജി. രൂപീകരണം

സി.ഒ.ഡി.യുടെ നേതൃത്വത്തിൽ ഇടവക, പഞ്ചായത്തു തലങ്ങളിൽ സ്വയം സഹായ സംഘങ്ങളും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും രൂപീകരിക്കപ്പെട്ടു വരുന്നു. കനറാ ബാങ്കുമായി സഹകരിച്ചു ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് വേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കനറാ ബാങ്ക് F-C-H-, COD സ്റ്റാഫ്, കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി. മരുതോങ്കര, പുല്ലൂരാംപാറ, കോടഞ്ചേരി എന്നിവിടങ്ങളിലായി 51 ജെ.എൽ.ജി.കൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

# IFAE

2024 ഓഗസ്റ്റ് 10 തീയതി ആരംഭിച്ച IFAE യുടെ പിജി ഡിപ്ലോമ ഇൻ ന്യൂട്രീഷൻ ആൻഡ് ഡയറ്റ് സയൻസ് കോഴ്സ് നല്ല രീതിയിൽ പുരോഗമിക്കുന്നു.

IFAE യുടെ തെയ്യപ്പാറ ഫാമിൽ അൻപതോളം വിവിധ ഇനം വാഴ തൈകൾ പുതിയതായി വരുത്തുകയും 06.09.2024 ന് ഫാ. ജിതിൻ നരിവേലിയുടെ നേതൃത്വത്തിൽ ഫാം സന്ദർശിക്കുകയും ഓരോ വാഴ തൈകളിലും അവയുടെ പേരുകൾ രേഖപ്പെടുത്തുകയും ചെയ്തു.

11.09.2024 IFAE യുടെ നേതൃത്വത്തിൽ സി.ഒ.ഡി. സ്റ്റാഫ് അംഗങ്ങൾക്ക് പ്രത്യേക ന്യൂട്രീഷൻ ക്ലാസ് സംഘടിപ്പിക്കുകയും IFAE യുടെ വിവിധ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. ക്ലാസ് നയിച്ചത് ന്യൂട്രീഷൻ ട്രെയിനർ ആയ ഇ.പി. പിള്ള സാർ ആണ്. 26 പേര് ക്ലാസിൽ പങ്കെടുത്തു.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ പഞ്ചായത്ത് തലത്തിൽ ന്യൂട്രീഷൻ ക്ലാസുകൾ നടത്താൻ തീരുമാനിച്ചു. അതിനായി മേഖല കോർഡിനേറ്റേഴ്സിനെ ചുമതലപ്പെടുത്തി.

## ടാഫ്കോസ്

സാമൂഹ്യ പ്രതിബദ്ധതയുടെയും ജനക്ഷേമത്തിന്റെയും സാമ്പത്തിക ഭദ്രതയുടെയും ഭാഗമായി പ്രവർത്തിക്കുന്ന താമരശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി (TAFCOS) താമരശ്ശേരി അൽഫോൻസാ ആർക്കേഡ് ബിൽഡിംഗിൽ (ചാവറ ഹോസ്പിറ്റിലിനു സമീപം) പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വിവിധ വായ്പകൾ, നിക്ഷേപ പദ്ധതികൾ, ഗ്രൂപ്പ് നിക്ഷേപങ്ങൾ (ചിട്ടി), ഗോൾഡ് ലോൺ, സേഫ് ലോക്കർ, NEFT, RTGS, IMPS, മൊബൈൽ ബാങ്കിംഗ്, ലൈഫ് ഹെൽത്ത്, വെഹിക്കിൾ ഇൻഷുറൻസ് കമ്പനികളുടെ കോർപ്പറേറ്റ് എജൻസി തുടങ്ങിയ സേവനങ്ങൾ ആരംഭിച്ചിരിക്കുന്നു.

ഓഫീസ് ഫോൺ: 62829 14112

## മദർ തെരേസ ട്രെയിനിങ്ങ് സെന്റർ

### ഓറിയന്റേഷൻ സെമിനാർ

പുതുപ്പാടിയിൽ പ്രവർത്തിക്കുന്ന മദർ തെരേസ IELTS & OET ട്രെയിനിങ്ങ് സെന്ററിന്റെ നേതൃത്വത്തിൽ കേരളത്തിന് പുറത്തുള്ള 25 നഴ്സിങ്ങ് കോളേജുളിൽ ഓറിയന്റേഷൻ സെമിനാറുകൾ സംഘടിപ്പിച്ചു.

ഫാ. സായി പാറൻകുളങ്ങര, സന്ദീപ് കളപ്പുരക്കൽ, ഷിനോജ് പി.സി, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
**ഡയറക്ടർ, വികസനവേദി**

# യേശുനിധി

2024 ആഗസ്റ്റ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chippilithode | 15,000.00 |
| 2 | Karuvarakundu | 10,000.00 |
| 3 | Kodanchery | 12,000.00 |
| 4 | Koorachundu | 8,000.00 |
| 5 | Koorachundu | 15,000.00 |
| 6 | Koorottupara | 10,000.00 |
| 7 | Muthukad | 15,000.00 |
| 8 | Thekkumkutty | 10,000.00 |
| 9 | Thottumukkam | 5,000.00 |

**Home**

| | | |
|---|---|---|
| 10 | Chakkittappara | 20,000.00 |
| 11 | Chippilithode | 10,000.00 |
| 12 | Kakkavayal | 20,000.00 |
| 13 | Kakkavayal | 20,000.00 |
| 14 | Manjuvayal | 10,000.00 |

**Marriage**

| | | |
|---|---|---|
| 15 | Kodanchery | 20,000.00 |
| 16 | Paropady | 20,000.00 |

**Medical**

| | | |
|---|---|---|
| 17 | Chempanoda | 8,000.00 |
| 18 | East Hill | 12,000.00 |
| 19 | Kannoth | 8,000.00 |
| 20 | Konoorkandy | 10,000.00 |
| 21 | Koodaranji | 12,000.00 |
| 22 | Koorachundu | 8,000.00 |
| 23 | Kuppayakode | 8,000.00 |
| 24 | Manjumala | 8,000.00 |
| 25 | Maruthomkara | 8,000.00 |
| 26 | Mukkam | 10,000.00 |
| 27 | Panamplave | 10,000.00 |
| 28 | Pedikappara | 10,000.00 |
| 29 | Thazhekode | 10,000.00 |
| 30 | Thekkumkutty | 8,000.00 |
| 31 | Thekkumkutty | 8,000.00 |
| 32 | Thottumukkam | 10,000.00 |
| 33 | Tirur | 10,000.00 |
| 34 | Valiyakolly | 10,000.00 |
| 35 | Vaniambalam | 15,000.00 |

**Miscellaneous**

| | | |
|---|---|---|
| 36 | Koodaranji | 5,000.00 |
| | **Total** | **4,08,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ആഗസ്റ്റ്

31 വൈകുന്നേരം, മലാപറമ്പ് ക്രൈസ്റ്റ് ഹാൾ കപ്പേളയിൽ ജെസ്യൂട്ട് സന്യാസ സമൂഹാംഗം പരേതനായ ബഹു. ജോസഫ് പൊടിമറ്റത്തിൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

## സെപ്റ്റംബർ

01 രാവിലെ, മേരിക്കുന്ന് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ്ങിന്റെ മൂന്നാമത് ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് എം. എസ്.സി. സൈക്കോളജി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുകയും തുടർന്ന് ആറാമത്തെ ബാച്ചിന്റെ ഉദ്ഘാടനവും നിർവഹിച്ചു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ എഫ്.സി.സി. സന്യാസിനി സമൂഹാംഗം പരേതയായ സി. ലിസ്സി ഇളംതുരുത്തിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

02 രാവിലെ, സനാതന എം.സി.ബി.എസ്. മേജർ സെമിനാരി കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, പൊന്നിയാംകുർശി ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലി'ൽ ക്ലാസ് എടുത്തു.

എസ്.എം.വൈ.എം. സംസ്ഥാന സമിതി സംഘടിപ്പിച്ച ജപമാല സന്ധ്യ ഓൺലൈൻ പ്രാർത്ഥനയിൽ താമരശ്ശേരി രൂപതയിലെ യുവജനങ്ങളോടൊപ്പം പങ്കെടുത്ത് വചന സന്ദേശം നൽകി. യുവജനങ്ങളെ ആശീർവദിച്ചു പ്രാർത്ഥിച്ചു.

03 വിലങ്ങാട് സെന്റ് ജോർജ് ഇടവകയിൽ ബഹു. മാത്യു ചൂരപൊയ്കയിൽ അച്ചന്റെ മാതാവിന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ വി. കുർബാന അർപ്പിച്ചു.

04 രാവിലെ, കക്കാടംപൊയിൽ ദർശന വീട് ആശ്രമത്തിന്റെ കപ്പേളയിൽ ബഹു. ജോസ് കാപ്പുകാട്ട് അച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

രൂപതാഭവൻ, സെന്റ് ജോൺ പോൾ ഓഡിറ്റോറിയത്തിൽ രൂപതയിലെ ദൈവാലയ ശുശ്രൂഷികളുടെ സംഗമത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

ഉച്ചയ്ക്ക്, മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെ രൂപതഭവനിൽ സ്വീകരിച്ചു.

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ തയ്യാറാക്കിയ, മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്ത, സുറിയാനി ഗീതങ്ങളുടെ സമാഹാരം 'തെശ്ബൊഹ്ത്താ' ഏറ്റുവാങ്ങി.

ഉച്ചകഴിഞ്ഞ്, മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനൊപ്പം ഉരുൾപൊട്ടൽ ഉണ്ടായ വിലങ്ങാട് പ്രദേശങ്ങളും, ഉരുൾ പൊട്ടലിൽ മരണമടഞ്ഞ മാത്യു കുളത്തിങ്കലിന്റെ ഭവനവും സന്ദർശിച്ചു.

05 രാവിലെ, രൂപതാഭവനിൽ അടിവാരം – ചിപ്പിലിത്തോട് – മരുതിലാവ് ബദൽ റോഡിനുള്ള സാധ്യത പഠനയോഗത്തിൽ ആധ്യക്ഷത വഹിച്ചു.

രൂപതാഭവനിൽ ഇടവകകളിൽ സേവനം ചെയ്യുന്ന അക്കൗണ്ടന്റ്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, വെറ്റിലപ്പാറ സെന്റ് അഗസ്റ്റ്യൻസ് ദൈവാലയത്തിൽ ഇടവക സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വിവാഹത്തിന്റെ 25, 50 ജൂബിലി സംഗമത്തിൽ പങ്കെടുത്തവരെ ആദരിക്കുകയും ചെയ്തു.

മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് രൂപതാഭവനിൽ വിശ്രമിച്ചു.

06 മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനൊപ്പം രൂപതാ മൈനർ സെമിനാരി സന്ദർശിച്ചു.

താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ, താമരശ്ശേരി രൂപതാ മുൻ അദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി പാതിവിന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് അർപ്പിച്ച വി. കുർബ്ബാനയിലും ശ്രാദ്ധ ശുശ്രൂഷയിലും സഹകാർമ്മികത്വം വഹിച്ചു.

മേജർ ആർച്ച് ബിഷപ്പിനൊപ്പം സനാതന എം.സി.ബി.എസ്. തിയോളജിക്കൽ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ചു.

താമരശ്ശേരി അൽഫോൻസ സീനിയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും മേജർ ആർച്ച് ബിഷപ്പ് അഭിസംബോധന ചെയ്ത പരിപാടിയിൽ പങ്കെടുത്തു.

വെറ്റിലപ്പാറ സെന്റ് അഗസ്റ്റ്യൻസ് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി സമാപനത്തിൽ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അർപ്പിച്ച വി. കുർബാനയിൽ സഹ കാർമ്മികത്വം വഹിക്കുകയും ജൂബിലി സമാപന സംഗമത്തിൽ, ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. വികാരി. ഫാ. ജോസഫ് വടക്കേലിനെ ആദരിക്കുകയും ചെയ്തു.

07 രാവിലെ, പാലക്കാട് രൂപതയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനു

ബന്ധിച്ച് കത്തീഡ്രൽ സ്ക്വയറിൽ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ കാർമ്മികത്വം വഹിച്ച വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് ജൂബിലി സമാപന സമ്മേളനത്തിൽ രൂപതയുടെ സുവർണ്ണ ജൂബിലി സുവനീർ പ്രകാശനം ചെയ്തു.

ഉച്ചകഴിഞ്ഞ്, മഞ്ചേരി സെന്റ്ജോസഫ് ഇടവകയിൽ വി. കുർബാന അർപ്പിച്ച്, ഇടവകയെ സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിച്ചു.

08 പാത്തിപ്പാറ സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളിനോട് അനുബന്ധിച്ച് കാറ്റുള്ളമല സെന്റ് മേരീസ് ദൈവാലത്തിൽ വി. കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

09 രാവിലെ, പുല്ലൂരാംപാറ ബാഥാനിയ നവീകരണ കേന്ദ്രത്തിൽ ജീവിത വിശുദ്ധീകരണ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി വി. കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക്, വെഴുപ്പൂർ മേരി മാതാ എസ്.എ.ബി.എസ്. സന്യാസിനി ഭവന കപ്പേളയിൽ ബഹുമാനപ്പെട്ട സി. അൽബീന നടുവിലേക്കുറ്റിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

10 രാവിലെ, ഇരിങ്ങാലക്കുട രൂപതയിലെ മാപ്രാണം മാർ സ്ലീവ തീർത്ഥാടന ദൈവാലയത്തിൽ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു.

11 രൂപതാഭവനിൽ രൂപത അസംബ്ലി കമ്മറ്റി യോഗത്തിൽ ആധ്യക്ഷം വഹിച്ചു.

ഉച്ചയ്ക്ക്, അശോകപുരം ഇൻഫന്റ് ജീസസ് ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ ദീപിക കോഴിക്കോട് യൂണിറ്റിന്റെ ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു.

12 എം.വി.ആർ. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു.ജെയിംസ് വാമറ്റത്തിൽ അച്ചനെ സന്ദർശിച്ചു.

മിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വർഗ്ഗീസ് മൂലേച്ചാലിൽ അച്ചന്റെ മാതാവിനെ സന്ദർശിച്ചു.

എം.എം.പി.സി. യിൽ താമരശ്ശേരി രൂപത സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി. ഒരുക്കിയ ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു.

ഉച്ചയ്ക്ക്, വെറ്റിലപ്പാറ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

രൂപതാഭവനിൽ, കേന്ദ്ര ഗവൺമെന്റ് ഇ.എസ്.എ. വിജ്ഞാപനം മൂലം കർഷകർക്ക് ഉണ്ടാകുന്ന ആശങ്കകൾക്ക് സർക്കാരിൽ നിന്ന് പരിഹാരം ആവ

ശ്യപ്പെടുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്ന ചർച്ചയിൽ പങ്കെടുത്തു.

വൈകുന്നേരം കുളിരാമുട്ടി ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ 'പവർ സെല്ലിൽ' പങ്കെടുത്തവർക്ക് ക്ലാസ് എടുത്തു.

മഞ്ഞക്കടവ് ഇടവകയിൽ ബഹു. ആന്റണി കൊഴുവനാൽ അച്ചന്റെ സഹോദര ഭാര്യ, പരേതയായ ത്രേസ്യയ്ക്ക് വേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 രാവിലെ, പി.എം.ഒ.സി. യിൽ, പ്രീ കാന കോഴ്സിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി വി. കുർബാന അർപ്പിച്ച് ക്ലാസ് എടുത്തു.

ഉച്ചയ്ക്ക്, രൂപതാഭവനിലെ അംഗങ്ങളോടൊപ്പം ഓണാഘോഷ പരിപാടികളിൽ സംബന്ധിച്ചു.

14 പടത്തുകടവ് തിരുക്കുടുംബ ദൈവാലയത്തിൽ ജമ്മു-ശ്രീനഗർ രൂപതാംഗം ബഹു. വർക്കി തെങ്ങനാകുന്നേൽ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും അച്ചനെ ആദരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കട്ടിപ്പാറ ഹോളി ഫാമിലി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകളും മറ്റൊരു കുട്ടിക്ക് ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണവും പരികർമ്മം ചെയ്തു.

15 രാവിലെ, തിരുവമ്പാടി തിരുഹൃദയ ദൈവാലയത്തിൽ ആദ്യ വികാരിയായിരുന്ന ബഹു. ജെയിംസ് മൊന്തനാരി അച്ചന്റെ അൻപതാം ചരമവാർഷികത്തോടനുബന്ധിച്ച് ബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും. ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന വൈദിക മന്ദിരത്തിന്റെ തറക്കല്ല് വെഞ്ചരിക്കുകയും ചെയ്തു.

16 രാവിലെ, കട്ടിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ ഒരു മനസ്സമ്മതത്തിന് കാർമ്മികത്വം വഹിച്ചു.

17 രാവിലെ, അമ്പായത്തോട് സ്നേഹ നിവാസ് മഠം കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

താമരശ്ശേരി മേഖല എസ്.എം.വൈ.എം. സംഘടിപ്പിച്ച യുവജന സംഗമം 'അറ്റോമ 2024' കൈതപ്പൊയിൽ ലിസ കോളജിൽ ഉദ്ഘാടനം ചെയ്തു. വിശിഷ്ടാതിഥിയായി എത്തിയ പുതുപ്പള്ളി എം.എൽ.എ. ശ്രീ. ചാണ്ടി ഉമ്മനെ ആദരിക്കുകയും ചെയ്തു.

രൂപതാഭവനിൽ കൂടിയ വൈദിക സമിതി സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം, കൽക്കുണ്ട് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

19 താമരശ്ശേരി ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പ്രവിശ്യാഭവൻ കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, കോഴിക്കോട് സെന്റ് തോമസ് അക്കാഡമി ഫോർ റിസർച്ച് & ട്രെയിനിംഗ് (സ്റ്റാർട്ട്) വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'യുറേക്ക മൊമെന്റ്' മിനി മാസ്റ്റർ ട്രെയിനിംഗിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും അനുമോദിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ചെമ്പനോട സെന്റ് ജോസഫ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, രൂപതാഭവനിലെ മാസധ്യാനത്തിൽ പങ്കെടുത്തു.

20 രാവിലെ, രൂപതാഭവൻ കപ്പേളയിൽ മാസധ്യാനത്തോടനുബന്ധിച്ച് ഭവനാംഗങ്ങളോടൊപ്പം വി. കുർബാന അർപ്പിച്ചു.

കൊണ്ടോട്ടി ഡി.എച്ച്.എം. സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജൂലിയറ്റ് ജോസഫിനെ രൂപതാഭവനിൽ സ്വീകരിച്ചു.

പുല്ലൂരാംപാറ സെന്റ് ജോസഫ് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ മ്ശംശാന കുര്യൻ ചെറുശ്ശേരിക്ക് വൈദിക പട്ടം നൽകി.

കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ താമരശ്ശേരി രൂപത യുവജന കലോത്സവം 'യുവ 24' ഉദ്ഘാടനം ചെയ്തു.

മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളെ രൂപതാഭവനിൽ സ്വീകരിക്കുകയും സമ്മാനക്കൂപ്പൺ വിതരണോത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ദേവഗിരി പബ്ലിക്ക് സ്കൂളിൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃസംഗമത്തിൽ ഗ്ലോബൽ ഭാരവാഹികൾക്ക് സ്വീകരണം നൽകുകയും ചെയ്തു.

22 ചങ്ങനാശേരി അതിരൂപതയിലെ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ഇടവകയിൽ ഇടവക ദിനത്തോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

കുട്ടനാട് റിസർച്ച് ആൻഡ് റിവൈവൽ സൊസൈറ്റിയുടെയും ഇൻഫാമിന്റെയും നേതൃത്വത്തിലുള്ള സമ്മേളനത്തിൽ പങ്കെടുക്കുകയും സംഘടനാംഗങ്ങളോടൊപ്പം കൃഷി നശിച്ച പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു.

23 രാവിലെ, ചാവറ ഹോസ്പിറ്റൽ സന്യാസ ഭവനകപ്പേളയിൽ വി. കുർബാന

അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തൃശ്ശൂർ രാമനിലയത്തിൽ, തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനോടൊപ്പം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ സന്ദർശിച്ച് വിലങ്ങാട് ഉരുൾപൊട്ടലിൽ നഷ്ടം സംഭവിച്ചവർക്കായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും, കേന്ദ്ര ഗവൺമെന്റിന്റെ പശ്ചിമഘട്ട വിഞ്ജാപനം ബാധിക്കുന്ന ജനത്തിന്റെ അവസ്ഥ ശ്രദ്ധയിൽ കൊണ്ടുവരികയും അടിയന്തിരമായി പരിഹാരം ആവശ്യപ്പെടുകയും ചെയ്തു.

വൈകുന്നേരം, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി ഭവനത്തിൽ പരിശീലനത്തിലായിരിക്കുന്ന അർത്ഥിനികളുടെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

24 രാവിലെ, തെയ്യാപ്പാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.





# Pope Francis, Meeting With Young People At Timor Leste

*11 September 2024*



Let me tell you a story. It happened that in one family, the father, the mother, the children and the very old grandfather were eating together. When the grandfather ate, he would spill things and drop his food. So the father decided to put a table in the kitchen so that the grandfather could eat alone there, and he explained to the family that this way, with the grandfather eating by himself, they could invite people over without being embarrassed by him. After a few days, the father arrived and found his five-year-old son playing with some wood. The father asked him, “What are you doing with that wood”? The child said, “I’m making a table”. “What for”? asked the father. The son replied, “for you, when you get old and have to eat alone”.

“The two greatest treasures a society has are children and grandparents. Let us repeat together, what are the two greatest treasures of society? [Young people respond] “Children and the elderly”. Please take care of children and grandparents, okay? Now let us give a big round of applause to our grandparents.

**THAMARAMOTTUKAL**

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-09-2024 |



## വി. കൊച്ചുത്രേസ്യ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 10, October 2024, Pages 80.